# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 211 11/03/2010-ൽ മറുപടിയ്ക്ക്

## ഗ്രാമീണ മേഖലയിലെ ആരോഗ്യ സംരക്ഷണത്തിന് പ്രത്യേക ഡോക്ടർമാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീമതി. ഇ.എസ്. ബിജി മോൾ :<br>ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീ. ബാബു പോൾ :<br>ശ്രീ. കെ. രാജു : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) ഗ്രാമീണ മേഖലയിലെ ആരോഗ്യ സംരക്ഷണ പ്രവർത്തനത്തിന് പുതിയൊരു വിഭാഗം ഡോക്ടർമാരെ സൃഷ്ടിക്കാനുള്ള കേന്ദ്ര പദ്ധതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ബി.ആർ.എം.എസ്. ബിരുദധാരികളെ സൃഷ്ടിക്കുന്നത് ആരോഗ്യ മേഖലയുടെ നിലവാരം കുറയുമെന്ന അഭിപ്രായത്തിന്മേൽ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) ഗ്രാമങ്ങളിലും നഗരങ്ങളിലും ശക്തമായ ആരോഗ്യ സംവിധാനങ്ങൾ നിലവിലുള്ള കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ B.R.M.S. കോഴ്സ് തുടങ്ങേണ്ടതില്ല എന്നാണ് ആരോഗ്യ വകുപ്പിന്റെ നിലപാട്. ഇക്കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. |
| (സി) ഈ കോഴ്സിനുള്ള അടിസ്ഥാന യോഗ്യത എന്താണ് ; ഈ കോഴ്സിന്റെ നടത്തിപ്പിനെക്കുറിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ ? | (സി) 12 ാം ക്ലാസ് (പ്ലസ് ടു) ആയിരിക്കും കോഴ്സിന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 212 | 11/03/2010-ൽ മറുപടിയ്ക്ക് |
|---|---|

## കേരള മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. സി. കെ. സദാശിവൻ :<br>ശ്രീ. പി. കൃഷ്ണപ്രസാദ് : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കേരള മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) ആരോഗ്യ വിദ്യാഭ്യാസമേഖലയെ കൂടുതൽ കാര്യക്ഷമമാക്കി അക്കാദമിക് നിലവാരം ഉയർത്തുന്നതിനും ആരോഗ്യ മേഖലയിൽ ഗവേഷണ പ്രവർത്തനത്തിന് ഊന്നൽ നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് എന്ന പേരിൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുവാൻ തീരുമാനിച്ചത്. അസോസിയേഷൻ ഓഫ് കോമൺവെൽത്ത് യൂണിവേഴ്സിറ്റീസ് മുൻ ചെയർമാനും ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് മുൻ ഡയറക്ടറും പ്രശസ്തനായ ആരോഗ്യ വിദ്യാഭ്യാസ പണ്ഡിതനുമായ ഡോ. കെ. മോഹൻദാസ് യൂണിവേഴ്സിറ്റി വൈസ് ചാൻസലറായി ചുമതലയേറ്റു. വൈസ് ചാൻസലർക്ക് പുറമെ പ്രോ വൈസ് ചാൻസലർ, രജിസ്ട്രാർ, ഡീൻ, ഫിനാൻഷ്യൽ ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നീ ഉയർന്ന ഓഫീസർ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികകളിലേക്കും മറ്റ് ആവശ്യമായ തസ്തികകളിലേക്കുമുള്ള നിയമന നടപടികൾ നടന്നുവരികയാണ്. യൂണിവേഴ്സിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റ് നടപടി ക്രമങ്ങളും ത്വരിതഗതിയിൽ പൂർത്തിയായി വരികയാണ്. |

| | |
|---|---|
| **(ബി)** യൂണിവേഴ്സിറ്റിയിൽ സംസ്ഥാനത്തെ വിവിധ മേഖലകളിലുള്ള എത്ര കോളേജുകളും മറ്റു സ്ഥാപനങ്ങളും അഫിലിയേറ്റു ചെയ്തിട്ടുണ്ട് ; | **(ബി)** നിലവിൽ സംസ്ഥാനത്ത് വിവിധ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ആധുനിക വൈദ്യ ശാസ്ത്രം. ദന്തൽ, ആയുർവേദം, ഹോമിയോ, സിദ്ധ, നഴ്സിംഗ്. ഫാർമസി, പാരാമെഡിക്കൽ കോഴ്സുകളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന 181 കോളേജുകൾ പുതിയ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യും. 2010 - 11 മുതലുള്ള പ്രവേശനവും 2010 - 11 മുതൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെയുള്ള അക്കാദമിക് കാര്യങ്ങളും പുതിയ സർവ്വകലാശാല കൈകാര്യം ചെയ്യും. |
| **(സി)** അക്കാദമിക് നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി യൂണിവേഴ്സിറ്റി ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | **(സി)** സാധാരണ നിലയിലുള്ള ഒരു അഫിലിയേറ്റ് യൂണിവേഴ്സിറ്റി എന്നതിലുപരി പൊതുജനാരോഗ്യ രംഗത്തെ ഗവേഷണത്തിനും കൂടി പ്രാധാന്യം കൊടുക്കുന്ന സമീപനമായിരിക്കും പുതിയ യൂണിവേഴ്സിറ്റി സ്വീകരിക്കുക. വൈദ്യശാസ്ത്രത്തിന്റെ അതിനൂതനമായ സാധ്യതകൾക്കനുസരിച്ച് കോഴ്സുകളും പാഠ്യപദ്ധതികളും ക്രമീകരിക്കും. ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും മറ്റും അവസരമൊരുക്കും. സ്ഥാപനങ്ങളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന് കർശനമായ ഇടപെടലുകൾ നടത്തും. സമൂഹത്തിലെ ആരോഗ്യപ്രശ്നങ്ങളെ ഗൗരവമായി സമീപിച്ച് പരിപാടികൾ ആവിഷ്കരിക്കും. വിവിധ വൈദ്യ ശാസ്ത്ര ശാഖകൾ പ്രത്യേകമായി പ്രവർത്തിക്കും. എന്നാൽ ആരോഗ്യമേഖലയെ സംബന്ധിച്ച് സമഗ്രമായ കാഴ്ചപ്പാട് വികസിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. വിവിധ വൈദ്യ വിഭാഗങ്ങൾ തമ്മിൽ ആശയ വിനിമയത്തിനും യോജിച്ചുള്ള ഗവേഷണത്തിനും സാഹചര്യമൊരുക്കും. ദേശീയ, അന്തർദേശീയ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള നോഡൽ ഏജൻസിയായി യൂണിവേഴ്സിറ്റി പ്രവർത്തിക്കും.<br>വിശദമായ പദ്ധതികൾ സർവ്വകലാശാലയുടെ വിവിധ സമിതികൾ യോഗം ചേർന്ന് ആസൂത്രണം ചെയ്യും. |

(ഡി) യൂണിവേഴ്സിറ്റി എന്നത്തേക്ക് പൂർണ്ണമായും പ്രവർത്തനക്ഷമമാകുമെന്ന് വെളിപ്പെടുത്തുമോ ?

(ഡി) യൂണിവേഴ്സിറ്റി 2010-11 വർഷം തന്നെ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാവും.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 213 — 11.03.2010- ലെ മറുപടിക്ക്

## കൊല്ലം തുറമുഖ വികസനം

**ചോദ്യം**

ശ്രീ. ബി.രാഘവൻ:
ശ്രീമതി.പി. അയിഷാ പോറ്റി:
ശ്രീ.പി.ടി.എ.റഹീം:

**മറുപടി**

ശ്രീ.എം. വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കൊല്ലത്തു നിന്നും ബേപ്പൂരിൽ നിന്നും ലക്ഷദ്വീപിലേക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | കൊല്ലത്തുനിന്നും ലക്ഷ ദ്വീപിലേക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി ലക്ഷദ്വീപ് അധികൃതരുമായി ചർച്ചകൾ നടന്നുവരുന്നു. ബേപ്പൂർ തുറമുഖത്തുനിന്നും ലക്ഷദ്വീപിലേക്ക് കപ്പൽ സർവ്വീസ് നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ കോസ്റ്റൽ ഷിപ്പിംഗിന് ആവശ്യമായ നടപടികൾ ഈ വർഷം സ്വീകരിക്കുന്നതാണ്. |
| (ബി) | കൊല്ലം തുറമുഖത്തിനെ കൊല്ലം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) & (സി) | സജീവ പരിഗണനയിലാണ്. |
| (സി) | കൊല്ലം തുറമുഖത്തിന്റെ ഇൻലാൻഡ് വാട്ടർ വേയ്സുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.214** **11.03.2010-ൽ മറുപടിക്ക്**

## സെന്റർ ഓഫ് എക്സലൻസ്

| ചോദ്യം<br>ശ്രീ. കെ. ശിവദാസൻ നായർ | മറുപടി<br>ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ മാനസിക ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്ര സഹായത്തോടെ സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിക്കുന്ന പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; | എ) ഇല്ല |
| ബി) ഏതു മാനസികാരോഗ്യകേന്ദ്രത്തെ യാണ് ഈ പദ്ധതിയിൽ ഉൾപ്പെടു ത്താൻ ഉദ്ദേശിക്കുന്നത്; | ബി) ദേശീയ മാനസികാരോഗ്യ പരിപാടി(എൻഎംഎച്ച്പി) രാജ്യത്ത് 11 മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട്ട് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസസ്-ഇംഹാൻസിനെ ഇതിനായി 30 കോടി രൂപയുടെ പദ്ധതിയായ സ്കീം-എയിൽ ഉൾ പ്പെടുത്തി പരിഗണിക്കണമെന്ന് കാണിച്ചാണ് സംസ്ഥാന സർക്കാർ ആദ്യം നിർദ്ദേശം അയച്ചിരുന്നത്. ഇതേത്തുടർന്ന് വിദഗ്ധ സമിതിനടത്തിയ പരിശോ ധനയുടേയും തുടർ നടപടികളുടേയും അടിസ്ഥാനത്തിൽ ഇംഹാൻസിന് അംഗീകാരം നൽകിയതായി എൻഎംഎച്ച് പിസ്റ്റിയറിംഗ് കമ്മിറ്റി അറിയിച്ചിരുന്നു. ഇതിനിടയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗത്തെയും മികവിന്റെ കേന്ദ്രമാക്കാനുള്ള |

| | |
|---|---|
| | സാധ്യതയുമുണ്ടെന്ന അഭിപ്രായങ്ങൾ കണക്കിലെടുത്ത് തിരുവനന്തപുരത്തിന് വേണ്ടിയും അപേക്ഷ അയച്ചു. എങ്കിലും സംസ്ഥാനത്ത് സ്കീം-എയിൽ ഉൾപ്പെടുത്തി തുടങ്ങുന്ന (30 കോടി രൂപയുടെ പദ്ധതി) ആദ്യത്തെ കേന്ദ്രം കോഴിക്കോട്ട് ആയിരിക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായമെന്ന് കാണിച്ച് വീണ്ടും കത്ത് അയച്ചു.<br>ഇത് സംബന്ധിച്ച് അന്തിമ അറിയിപ്പ് ഇതുവരെ ലഭിച്ചിട്ടില്ല. |
| സി) ഈ പദ്ധതിയിൻ കീഴിൽ കേന്ദ്രത്തിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ: | സി) ഇല്ല |
| ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? | ഡി) ഇല്ല |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം:215** — **11/03/2010-ൽ മറുപടിക്ക്**

## കൈത്തറിക്ക് റിബേറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ കൈത്തറിക്ക് കേന്ദ്ര സർക്കാർ റിബേറ്റ് അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ഇല്ല. 2008-2009-ൽ അവസാനിച്ച 3 വർഷത്തേയ്ക്കാണ് കേന്ദ്രസർക്കാർ 10% റിബേറ്റ് പ്രഖ്യാപിച്ചിരുന്നത്. കേന്ദ്ര റിബേറ്റ് 01.04.2009 മുതൽ തുടരേണ്ടതില്ലെന്ന് തീരുമാനിച്ച് അറിയിപ്പു ലഭിച്ചതായി ടെക്സ്റ്റൈൽസ് മന്ത്രാലയത്തിലെ ഡെവലപ്പ്മെന്റ് കമ്മീഷണർ (ഹാന്റ്ലൂം) സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് കൈത്തറിക്ക് ഉത്സവ സീസണുകളിലും മറ്റും എത്ര ശതമാനം റിബേറ്റ് അനുവദിക്കുന്നുണ്ട്; | (ബി) സംസ്ഥാനത്ത് കൈത്തറിയ്ക്ക് ഉത്സവ സീസണുകളിൽ 2009-10 വർഷം 10% സംസ്ഥാന റിബേറ്റും കേന്ദ്ര റിബേറ്റ് ലഭ്യമാവും എന്ന ധാരണയിൽ 10% റിബേറ്റും അനുവദിക്കുകയുണ്ടായി. സ്കൂൾ യൂണിഫോം വില്പനയ്ക്ക് മേൽപ്പറഞ്ഞ 20% റിബേറ്റ് കൂടാതെ 10% അധികഷണൽ സംസ്ഥാന റിബേറ്റും അനുവദിച്ചിരുന്നു. |
| (സി) ഈ സർക്കാർ വന്ന ശേഷം റിബേറ്റ് കാലയളവ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) ഉണ്ട്. സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്കും 2009-10 |

വർഷത്തിൽ 56 ദിവസത്തെ 10% സ്റ്റേറ്റ് റിബേറ്റും 2009 സ്കൂൾ അദ്ധ്യയനവർഷാരംഭത്തിൽ 15 ദിവസത്തേക്ക് അനുവദിച്ചിരുന്ന അധിക 10% സ്കൂൾ യൂണിഫോം റിബേറ്റ് 20 ദിവസത്തേക്കായി വർദ്ധിപ്പിക്കുകയും ടി പിരീഡിലെ 10% റിബേറ്റ് എന്നത് 20% സ്പെഷ്യൽ റിബേറ്റായി വർദ്ധിപ്പിക്കുകയും ഉണ്ടായി. കൂടാതെ റംസാൻ കാലയളവിലെ റിബേറ്റ് ദിനങ്ങൾ 5 ദിവസങ്ങൾക്കുപകരം 10/09/2009 മുതൽ 19/09/2009 വരെ 10 ദിവസങ്ങളായി വർദ്ധിപ്പിക്കുകയും ഉണ്ടായി. അങ്ങനെ 2009-10 വർഷത്തിൽ ആകെ 66 ദിവസത്തെ റിബേറ്റ് അനുവദിക്കുകയുണ്ടായി.

(ഡി) കേന്ദ്ര സർക്കാർ കൈത്തറിക്കുള്ള റിബേറ്റ് പുനഃസ്ഥാപിക്കുന്നതിന് ശക്തമായ സമ്മർദ്ദം ചെലുത്തുമോ?

(ഡി) കൈത്തറിയ്ക്കുള്ള കേന്ദ്ര റിബേറ്റ് പുനഃസ്ഥാപിക്കണം എന്നാവശ്യപ്പെട്ട് കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടർ കേന്ദ്ര സർക്കാരിന് കത്തെഴുതിയിട്ടുണ്ട്. സംസ്ഥാന സർക്കാർ തലത്തിലും ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 216 11/03/2010-ൽ മറുപടിയ്ക്ക്

# സർക്കാർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ് : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചതുകൊണ്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ)<br>മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ അക്കാദമിക് നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് മെഡിക്കൽ കോളേജ് ഡോക്ടർമാരുടെയും ദന്തൽ കോളേജ് ഡോക്ടർമാരുടേയും സ്വകാര്യ പ്രാക്ടീസ് നിരോധിച്ചത്. ഇതേതുടർന്ന് അധ്യാപകരുടെ സേവനം വിദ്യാർത്ഥികൾക്കും രോഗികൾക്കും കൂടുതൽ സമയം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) ഇതിന്റെ പഠനത്തിനായി ഏതെങ്കിലും ഏജൻസിയെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) ഇല്ല |
| (സി) സ്വകാര്യ പ്രാക്ടീസ് നിരോധനം പരാജയമാണെന്നും സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഈ നയം സ്വകാര്യ ആശുപത്രികൾക്ക് സഹായമാവുകയേയുള്ളൂ എന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ ; | (സി) സ്വകാര്യ പ്രാക്ടീസ് നിരോധനം പരാജയമല്ല. ഇത് സ്വകാര്യ ആശുപത്രികളെ സഹായിക്കലാണെന്ന വാദവും ശരിയല്ല. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇതു കാരണം ജനങ്ങൾക്ക് ഡോക്ടർമാരുടെ സേവനക്കുറവ് ഉണ്ടായിട്ടില്ല. |
| (ഡി) സ്വകാര്യ പ്രാക്ടീസിന്റെ പേരിൽ കേരളത്തിൽ ഏതെങ്കിലും ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം പേര് സഹിതം വെളിപ്പെടുത്തുമോ ; | (ഡി) സ്വകാര്യ പ്രാക്ടീസ് നടത്തിയതായുള്ള ആരോപണത്തെത്തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജിലെ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം പ്രൊഫസർ ഡോ. വർഗ്ഗീസ് പി. തോമസിനെയും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഓർത്തോ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. സുഗന്ധി ഡേവിഡിനേയും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇന്ത്യയിലെ മറ്റ് എല്ലാ സംസ്ഥാനങ്ങളിലും മെഡിക്കൽ കോളേജ് ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് അനുവദിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഇ) | കേരളത്തിലെ സാഹചര്യങ്ങൾക്കനുസരിച്ചാണ് സംസ്ഥാന സർക്കാർ നയ രൂപീകരണം നടത്തുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളുടെ കാര്യം പരിശോധിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 217: 11/03/2010-ൽ മറുപടിക്ക്**

## ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് കേരള സംരംഭക നിധി

**ചോദ്യം** | **ഉത്തരം**

ശ്രീ. കെ. സി. കുഞ്ഞിരാമൻ
ശ്രീ. സി. കെ. പി. പത്മനാഭൻ
ശ്രീ. എം. എം. മോനായി
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. കെ. സി. രാജഗോപാലൻ

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | നൂതന ചെറുകിട- ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് കേരള സംരംഭക നിധി ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഇല്ല. |
| (ബി) | നിധിയിലേക്ക് ഇതിനകം എത്ര കോടി രൂപയുടെ നിക്ഷേപമുണ്ട്; | (ബി) (സി) (ഡി) & (ഇ) | ബാധകമല്ല |
| (സി) | പുതുതായി എത്ര നൂതന പദ്ധതികൾ അംഗീകാരത്തിനായി ലഭിച്ചിട്ടുണ്ട്; | | |
| (ഡി) | ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | | |
| (ഇ) | പദ്ധതിയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 218 — 11.03.2010-ൽ മറുപടിക്ക്

## വരൾച്ച നേരിടുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീമതി ജെ. അയിഷാപോറ്റി<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനമൊട്ടാകെ അനുഭവപ്പെടുന്ന വരൾച്ച നേരിടുന്നതിന് ജലവിഭവ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ; | (എ) സംസ്ഥാനമൊട്ടാകെ അനുഭവപ്പെടുന്ന കടുത്ത വരൾച്ച നേരിടുന്നതിനായി ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കേടായ പമ്പു സെറ്റുകളുടെ അറ്റകുറ്റ പണികൾ, പമ്പു സെറ്റുകൾ മാറ്റി വയ്ക്കുന്ന പണികൾ, വാട്ടർ ലൈനുകളിൽ ഉണ്ടാകുന്ന ലീക്കുകളും ചോർച്ചയും തടയുന്നതിനുള്ള നടപടികൾ, സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പുലൈനുകൾ നീട്ടുന്ന പ്രവൃത്തികൾ, തകരാറിലായ പൈപ്പു ലൈനുകൾ മാറ്റുന്ന പ്രവൃത്തികൾ, ജലചൂഷണവും, ജലദുരുപയോഗവും തടയുന്നതിനായുള്ള നടപടികൾ എന്നീ പ്രവർത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിലായി ബോർവെല്ലുകളിൽ അധിഷ്ഠിതമായ 70-ഓളം ചെറിയ കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനും ബോർവെല്ലുകളിലെ ഹാൻഡ് പമ്പുകൾ റിപ്പയർ ചെയ്യുന്നതിനും |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പതിനഞ്ച് കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാൻ മന്ത്രിസഭ അനുമതി നൽകിയിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ നടപടികൾക്കായി കളക്ടർമാർക്ക് അനുവദിച്ച 10 കോടി രൂപയ്ക്ക് പുറമെയാണ് ഈ തുക .<br>കൂടാതെ പൂർത്തീകരണ ഘട്ടത്തിലെത്തിയ പദ്ധതികൾ അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കുടിവെള്ള പ്രശ്നം നേരിടുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി ആവിഷ്ക്കരിക്കുമോ ; | (ബി) | കടുത്ത വരൾച്ചയെ നേരിടുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിനായി വിവിധ വകുപ്പധ്യക്ഷൻമാരുടെ ഒരു യോഗം 25-2-2010-ൽ ചേരുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ഉണ്ടായി |
| (സി) | പൈപ്പ് വെള്ളം ദുരുപയോഗം ചെയ്യുന്നതു തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പൈപ്പുവെള്ളം ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി 1986-ലെ കേരള വാട്ടർ സപ്ലൈ ആൻഡ് സിവറേജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. കൂടാതെ അമൂല്യമായ കുടിവെള്ളം പാഴാക്കാതിരിക്കുന്നതിനായി ഒരു ബോധവത്കരണ പ്രചാരണ പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കാനും ഉദ്ദേശിക്കുന്നു.<br>അനധികൃത വാട്ടർ കണക്ഷനുകൾ കണ്ടെത്തുന്നതിനും ജലദുരുപയോഗം, ജല |

ശോഷണം, പൊതുടാപ്പുകൾ ദുരുപയോഗം ചെയ്യുന്നത് എന്നിവ തടയുന്നതിനായി മാർച്ച് മാസം 5 ാം തീയതി മുതൽ 20 ാം തീയതി വരെ ഒരു പ്രത്യേക സ്ക്വാഡിന്റെ നേതൃത്വത്തിൽ ഒരു 'സ്പെഷ്യൽ ഡ്രൈവ്' നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| (ഡി) | **കുടിവെള്ള പ്രശ്നം വളരെ രൂക്ഷമായിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാമാണ്;** | (ഡി) | കേരളത്തിന്റെ ഹൈറേഞ്ചിലെ ഉയർന്ന പ്രദേശങ്ങൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ കടുത്ത വരൾച്ചക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഭൂഗർഭ ജലനിരപ്പ് വളരെയധികം താഴ്ന്നിട്ടുണ്ട്. ഇതിനാൽ ഭൂഗർഭജലത്തെ ആശ്രയിക്കുന്ന പ്രദേശങ്ങളിലും കുടിവെള്ളത്തിന് ദൗർലഭ്യം നേരിടുന്നുണ്ട്. |
| (ഇ) | ഈ പ്രദേശങ്ങളിലേക്ക് ടാങ്കർ ലോറികളിലൂടെ കുടിവെള്ള വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | വളരെയധികം കൃത്രിമത്തിന് സാധ്യതയുള്ളതിനാൽ മറ്റു ഉപാധികൾ വഴി കുടിവെള്ള വിതരണം ലഭ്യമാക്കാൻ കഴിയുകയില്ലെങ്കിൽ ഒരു അവസാന മാർഗ്ഗമെന്ന നിലയിൽ മാത്രമേ ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്താറുള്ളൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ജില്ലാ ഭരണകൂടങ്ങളുടേയും സഹായ സഹകരണത്തോടെ ഈപ്രകാരം കുടിവെള്ള വിതരണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 219

11.03.2010-ൽ മറുപടിക്ക്.

## നിക്ഷേപക സംഗമങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. ശക്തൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ടി.എൻ. പ്രതാപൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഈ ഗവൺമെന്റിന്റെ കാലത്ത് എവിടെയെല്ലാം വച്ച് നിക്ഷേപക സംഗമങ്ങൾ നടത്തി ;<br><br>(ബി) അവയിലോരോന്നിലും എത്ര വ്യവസായികൾ വീതം പങ്കെടുത്തു ; | (എ)-യും (ബി)-യും.<br><br>ഈ ഗവൺമെന്റിന്റെ കാലത്ത് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, എറണാകുളം, കണ്ണൂർ എന്നീ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ പ്രാദേശിക നിക്ഷേപ സംഗമങ്ങളും, കിൻഫ്രയുടെ ആഭിമുഖ്യ-ത്തിൽ ബാംഗ്ലൂർ, കണ്ണൂർ, കാസർഗോഡ്, കോട്ടയം, തൃശ്ശൂർ, ആലപ്പുഴ, പാലക്കാട്, മണ്ണാർക്കാട്, പൂനെ, കൊച്ചി എന്നിവിടങ്ങളിൽ വെച്ച് ഇൻവെസ്റ്റർ മീറ്റും, കെ.എസ്.ഐ.ഡി.സി-യുടെ ആഭിമുഖ്യത്തിൽ കണ്ണൂർ, കാസർഗോഡ്, കോട്ടയം, തൃശ്ശൂർ, മലപ്പുറം, ആലപ്പുഴ, മുംബൈ, ചെന്നൈ, ഡൽഹി എന്നിവിടങ്ങളിൽ വെച്ച് നിക്ഷേപക സംഗമങ്ങളും നടന്നു. പ്രസ്തുത സംഗമങ്ങളിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| (സി) ഈ സംഗമങ്ങളിൽ വച്ച് എത്ര ധാരണാപത്രങ്ങൾ ഒപ്പു വച്ചു ;<br><br>(ഡി) ഒട്ടാകെ എത്ര തുകയ്ക്കുള്ള നിക്ഷേപങ്ങൾ വേണ്ടിവരുന്ന ധാരണാ പത്രങ്ങളിലാണ് ഒപ്പു വച്ചത് ; | (സി)-യും (ഡി)-യും<br><br>ചെറുകിട സൂക്ഷ്മ സംരംഭകരുടെ സംഗമങ്ങളിൽ ധാരണാപത്രം ഒപ്പുവെയ്ക്കാറില്ല. കിൻഫ്ര ഒപ്പു വെച്ച മൂന്ന് ധാരണാപത്രങ്ങളുടേയും അവയുടെ നിക്ഷേപങ്ങളുടേയും വിവരം അനുബന്ധം-II ആയും, കെ.എസ്.ഐ.ഡി.സി ഒപ്പുവെച്ച 63 ധാരണാപത്രങ്ങളെ സംബന്ധിക്കുന്ന വിവരം അനുബന്ധം-III ആയും ചേർത്തിരിക്കുന്നു. |

(തുടർച്ച.....2)

(ഇ) ഇവയിൽ എത്രയെണ്ണം സ്ഥാപിച്ചു ; എത്രയെണ്ണം സ്ഥാപിക്കുവാനുള്ള നടപടിയായി വരുന്നു ;

(എഫ്) ബാക്കിയുള്ളവയുടെ അവസ്ഥ എന്ത് എന്നു വിശദമാക്കാമോ ?

(ഇ) & (എഫ്)

വ്യവസായ വകുപ്പ് സംഘടിപ്പിച്ച ചെറുകിട സൂക്ഷ്മ സംരംഭകരുടെ നിക്ഷേപ സംഗമത്തിൽ പങ്കെടുത്ത 1966 വ്യവസായ സംരംഭകരിൽ നിന്നും 1100 സംരംഭകരെ കണ്ടെത്തുന്നതിനും 285 വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതി--നും നടപടി സ്വീകരിച്ചു. 738 വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവർ വിവിധ കാരണങ്ങളാൽ മുന്നോട്ട് വന്നില്ല. കെ.എസ്.ഐ.ഡി.സി കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മരിയൻ അപ്പാരൽസ് ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തിൽ കേരാമാറ്റ് പാലാ പ്രൈ. ലിമിറ്റഡ് എന്നീ കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒൻപതെണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മറ്റുള്ളവ വ്യവസായ വളർച്ചാ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാകുന്നതോടു കൂടി യാഥാർത്ഥ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കിൻഫ്ര കെ.എസ്.ഐ.ഡി.സി എന്നിവയുടെ വിശദ വിവരം അനുബന്ധം-IV ആയി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 220 * — 11.03.2010 ൽ മറുപടിക്ക്

## കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>ശ്രീ. കെ.കെ. ഷാജു<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാക്കികൊണ്ടിരിക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി ഉൾപ്പെടെ വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് നടപ്പാക്കികൊണ്ടിരിക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതികൾ ഉൾപ്പെടെ വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മേഖലാ ചീഫ് എഞ്ചിനീയർമാർ, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിററി ബോർഡ് എന്നിവ കൂടാതെ സർക്കാർ തലത്തിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വകുപ്പ് മന്ത്രി തലവനായിട്ടുള്ള കോ ഓർഡിനേഷൻ കമ്മിററി , ചീഫ് സെക്രട്ടറി ചെയർമാനായുള്ള എംപവേർഡ് കമ്മിററി , ഫണ്ട് റിലീസ് കമ്മിററി എന്നിവ നിലവിലുണ്ട്.<br>ജില്ലാ തലങ്ങളിൽ കോ ഓർഡിനേഷൻ കമ്മിററികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനുപരി ബഡ്ജററിൽ അനുവദിച്ച തുക ഉപയോഗപ്പെടുത്തിക്കൊണ്ട് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള തീവ്രമായ ശ്രമത്തിലാണ് . |
| (ബി) കുടിവെള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കി ശുദ്ധമായ കുടിവെള്ളം എത്തിക്കാൻ പ്രത്യേക മോണിററിംഗ് സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) നടപ്പിലാക്കി വരുന്ന പദ്ധതികൾ കാര്യക്ഷമമായി പൂർത്തിയാക്കുന്നതിനായി ചീഫ് എഞ്ചിനീയർ തലത്തിലുള്ള മോണിററിംഗ് സംവിധാനം നിലവിലുണ്ട്. ഈ കമ്മിററികൾ എല്ലാ മാസവും കൂടി പുരോഗതി വിലയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കി വരുന്നുണ്ട്. കൂടാതെ എം.എൽ.എ. യുടെ നേതൃത്വത്തിൽ അഡ്വൈസറി കമ്മിററി കൂടി പ്രവർത്തികൾ കൂടുതൽ വേഗത്തിൽ പൂർത്തിയാക്കാനുള്ള നിർദ്ദേശവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221 11/03/2010-ൽ മറുപടിയ്ക്ക്

### മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങിയ ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. അബ്ദുറബ്ബ്:<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലേക്ക് ഇതുവരെ എത്ര രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇവ ഏതെല്ലാം കമ്പനികളിൽ നിന്നാണ് വാങ്ങിയത്; | (എ) 01/04/08 മുതലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം ആരംഭിച്ചത്. അന്നുമുതൽ ഇതുവരെയായി 142 കമ്പനികളിൽ നിന്നുമായി 267,44,21,802/40 രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. വിശദാംശം അനുബന്ധം എ ആയി ചേർത്തിട്ടുണ്ട്. |
| (ബി) ഇവയിൽ ഗുണനിലവാരം ഇല്ലാത്തതെന്ന് കണ്ടെത്തിയിട്ടുള്ള മരുന്നുകൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ ഏതെല്ലാം മരുന്നുകൾ ഇങ്ങനെ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്; | (ബി) 8000 ത്തോളം ബാച്ച് മരുന്നുകൾ പരിശോധിച്ചതിൽ 146 ബാച്ചുകൾ നിശ്ചിത ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. അവയുടെ വില കണക്കാക്കി വരുന്നു. ഈ തുക ബന്ധപ്പെട്ട കമ്പനികൾക്ക് നൽകില്ല. |
| (സി) പരിശോധനാഫലം വരുന്നതിന് മുൻപ് പ്രസ്തുത മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; | (സി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് അനുസരിച്ച് മരുന്ന് നിർമ്മാതാക്കൾ തന്നെയാണ് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടത്. ഈ രീതിയാണ് കഴിഞ്ഞ നിരവധി വർഷങ്ങളായി സംസ്ഥാനത്ത് |

തുടരുന്നത്. കോർപ്പറേഷൻ രൂപീകരണത്തിൻെറ ആദ്യഘട്ടത്തിലും ഇങ്ങനെ പരിശോധനയ്ക്ക് മുമ്പ് മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ കർശന പരിശോധനയ്ക്ക് ശേഷം മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. വിതരണം ചെയ്ത മരുന്നുകൾ വേണ്ടത്ര ഗുണനിലവാരം പുലർത്തുന്നില്ല എന്നു കണ്ടെത്തിയാൽ ഉടൻ തന്നെ അവയുടെ വിതരണം നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകുകയും തുടർന്ന് ടെണ്ടർ വ്യവസ്ഥകൾ അനുശാസിക്കുന്ന തുടർ ശിക്ഷണനടപടികൾ ടി മരുന്നുകൾ സപ്ലൈ ചെയ്തിട്ടുള്ള കമ്പനികൾക്കെതിരെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വാങ്ങിയവർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഡ്രഗ്സ് ആൻറ് കോസ്മെറ്റിക്സ് ചട്ടങ്ങളിലെ ഷെഡ്യൂൾ 'എം' പ്രകാരം നിശ്ചിത ഗുണനിലവാരമുള്ള മരുന്നുകൾ തന്നെയാണ് എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം മരുന്ന് നിർമ്മാതക്കൾക്ക് തന്നെയാണ്. ഓരോ ബാച്ച് മരുന്നിൻെറയും വിതരണവേളയിൽ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് കൂടി നൽകാൻ നിർമ്മാതാവ് ബാധ്യസ്ഥനാണ്. നിർമ്മാതാവ് നിശ്ചിത ഗുണനിലവാരം ഉറപ്പു വരുത്തിയ മരുന്നുകൾ മാത്രമേ കോർപ്പറേഷൻ വിതരണത്തിനായി സ്വീകരിക്കുകയുള്ളൂ. ഡ്രഗ്സ് കൺട്രോൾ നിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള ഗുണനിലവാര പരിശോധനയ്ക്ക് പുറമെ കോർപ്പറേഷൻ തന്നെ ടെണ്ടർ വ്യവസ്ഥകൾ പ്രകാരം കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകൾ നിശ്ചിത ഗുണനിലവാരം |

പുലർത്തുന്ന വയാണെന്ന് ഉറപ്പു വരുത്തുന്നതിനു വേണ്ടിയുള്ള ഇൻഹൗസ് നടപടി ക്രമങ്ങളും സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം നിശ്ചിത ഗുണനിലവാരം ഉണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം മരുന്നുകൾ സ്റ്റോക്കിൽ സ്വീകരിക്കുന്നത് വേണ്ടത്ര ഗുണ നിലവാരം ഇല്ലാത്ത മരുന്നുകൾ ആശുപത്രികളിലൂടെ വിതരണം നടത്താതിരിക്കാനാണ് നിശ്ചിത ഗുണനിലവാരമില്ലാത്ത മരുന്നുകൾ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരസിക്കുകയും അത്തരം മരുന്നുകൾക്ക് പേയ്മെന്റിന് അർഹതയില്ലാത്തതുമാണ്. കൂടാതെ ഇത്തരം മരുന്നുകൾ നൽകുന്നവരുടെ പേരിൽ ടെൻഡർ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.222** | **11/03/2010-ൽ മറുപടിയ്ക്ക്**

### നേഴ്സിംഗ് പഠനത്തിന് നിലവിലുള്ള സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.കെ.ലതിക<br>ശ്രീ എ.എം. ആരിഫ്<br>ശ്രീ കെ.ടി.ജലീൽ<br>ശ്രീ കെ.കുഞ്ഞമ്മത് മാസ്റ്റർ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നേഴ്സിംഗ് പഠനത്തിന് സംസ്ഥാനത്ത് നിലവിലുള്ള സൗകര്യങ്ങൾ വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് നേഴ്സിംഗ് പഠനത്തിനായി ഗവൺമെന്റ് മേഖലയിലും സ്വകാര്യ മേഖലയിലുമായി താഴെ പറയുന്ന കോഴ്സുകൾ നിലവിലുണ്ട്.<br>1. ജി.എൻ.എം.കോഴ്സ് - ഗവൺമെന്റ് തലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ 15-നേഴ്സിംഗ് സ്കൂളുകളും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ 3-നേഴ്സിംഗ് സ്കൂളുകളും സ്വകാര്യ മേഖലയിൽ 201 നേഴ്സിംഗ് സ്കൂളും പ്രവർത്തിച്ചുവരുന്നു.<br>2. ബി.എസ്.സി.നഴ്സിംഗ് കോഴ്സ് - ഗവൺമെന്റ് തലത്തിൽ 5-നേഴ്സിംഗ് കോളേജുകജും, സി-മെറ്റിന്റെ കീഴിൽ 3 നേഴ്സിംഗ് കോളേജുകളും സ്വകാര്യ മേഖലയിലും സഹകരണ മേഖലയിലും യൂണിവേഴ്സിറ്റിയുടെ കീഴിലുമായി [illegible] നഴ്സിംഗ് കേളേജുകളും പ്രവർത്തിക്കുന്നു.<br>3. എം.എസ്.സി.നഴ്സിംഗ് - ഗവൺമെന്റ് തലത്തിൽ 3-ഉം സ്വകാര്യ/സഹകരണ മേഖലയിൽ 12 ഉം കോളേജുകളിൽ ഈ കോഴ്സ് നിലവിലുണ്ട്.<br>4. പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിംഗ് കോഴ്സ് - ഗവൺമെന്റ് മേഖലയിൽ ഒരു കോളേജിലും സ്വകാര്യ മേഖലയിൽ 8-കോളേജുകളിലും, ഈ കോഴ്സ് നിലവിലുണ്ട്.<br>5. ആക്സിലിയറി നേഴ്സിംഗ് ആന്റ് മിഡ്വൈഫറി കോഴ്സ് (എ.എൻ.എം) - ഗവൺമെന്റ് മേഖലയിൽ 4-ഉം, സ്വകാര്യ മേഖലയിൽ 9 ഉം സ്ഥാപനങ്ങളിൽ ഈ കോഴ്സ് നിലവിലുണ്ട്. |

| | |
|---|---|
| (ബി) ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെയും കേരള നഴ്സിംഗ് കൗൺസിലിന്റെയും അംഗീകാരമില്ലാത്ത നഴ്സിംഗ് സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; | (ബി) & (സി)<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വിശദമായി ഒരു സർവ്വേ നടത്തി കണ്ടുപിടിക്കുന്നതിനും സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനും കേരള നഴ്സിംഗ് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. നഴ്സിംഗ് കൗൺസിലിൽ നിന്ന് റിപ്പോർട്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. അംഗീകൃത സ്ഥാപനങ്ങളുടെ ലിസ്റ്റ് ഉടനടി 'ആരോഗ്യ കേരളം' വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ വേണ്ട നടപടികൾ കേരള നഴ്സിംഗ് കൗൺസിൽ സ്വീകരിക്കുന്നുണ്ട്. |
| (ഡി) സംസ്ഥാനത്തെ നേഴ്സിംഗ് സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ഡി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള നേഴ്സിംഗ് കൗൺസിൽ വർഷംതോറും പരിശോധന നടത്തുകയും കുറവുകൾ പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. |
| (ഇ) സംസ്ഥാന സർക്കാർ മേഖലയിൽ നേഴ്സിംഗ് വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഇ) സർക്കാർ മേഖലയിൽ തൃശ്ശൂർ, ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് രണ്ട് നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി(സിമെറ്റ്)യുടെ കീഴിൽ 3 നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. ഗവൺമെന്റ് മേഖലയിൽ പോസ്റ്റ്ബേസിക് ബി.എസ്.സി. നേഴ്സിംഗ് കോഴ്സും, പോസ്റ്റ്ബേസിക് സ്പെഷ്യാലിറ്റി കോഴ്സും എം. എസ്.സി നെഴ്സിംഗ് കോഴ്സും തുടങ്ങാൻ അനുമതി നൽകി. തിരുവനന്തപുരം നേഴ്സിംഗ് കോളേജിൽ ബി.എസ്.സി നേഴ്സിംഗിന് സീറ്റ് 60-ൽ നിന്ന് 75 ആയി വർദ്ധിപ്പിച്ചു. നേഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനൊന്നാം പദ്ധതിയിൽ ഉൾപ്പെടുത്തി 6 പുതിയ ജനറൽ നേഴ്സിംഗ് സ്കൂളുകളും 4 പുതിയ ജെ.പി.എച്ച്.എൻ.സ്കൂളുകളും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ നിലവിലുള്ള 15 നേഴ്സിംഗ് സ്കൂളുകളുടെ വികസനത്തിനായി 3 കോടി 36 ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി എൻപത് രൂപയുടെ ഒരു നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടർ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ:223 — 11.3.2010-ൽ മറുപടിക്ക്

കെ.എം.എം.എൽ-ൻെറ ടൈറ്റാനിയം സ്പോഞ്ച് നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.വർക്കല കഹാർ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കെ.എം.എം.എൽ-ൻെറ പതിനായിരം ടൺ ടൈറ്റാനിയം സ്പോഞ്ച് നിർമ്മിക്കാനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നറിയിക്കാമോ; | (എ) കെ.എം.എം.എൽ-ന് പതിനായിരം ടൺ ടൈറ്റാനിയം സ്പോഞ്ച് നിർമ്മിക്കാനുള്ള പദ്ധതി നിലവിലില്ല. |
| (ബി) ഈ പദ്ധതിയുടെ കരാർ ആർക്കാണ് നൽകുന്നതെന്നും എത്ര രൂപയ്ക്കാണ് കരാർ നൽകുന്നതെന്നും അറിയിക്കാമോ; | (ബി) ബാധകമല്ല |
| (സി) കരാർ നൽകുന്നതിനായി ആഗോള ടെൻഡർ വിളിച്ചുവോ; എങ്കിൽ ആരെല്ലാം ടെൻഡർ സമർപ്പിച്ചു; | (സി)ബാധകമല്ല |
| (ഡി) ഇതിനുവേണ്ടി ആഗോള ടെൻഡർ വിളിക്കാത്ത പക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാം; | (ഡി) ബാധകമല്ല |
| (ഇ) ഇതിൻെറ ടെൻഡർ നൽകുന്നത് ആയുധ നിർമ്മാണം നടത്തുന്ന ഒരു റഷ്യൻ കമ്പനിയ്ക്കാണോ; | (ഇ) ബാധകമല്ല |
| (എഫ്) പ്രസ്തുത കമ്പനിയുടെ സാങ്കേതിക പ്രാവീണ്യം മനസ്സിലാക്കാൻ പോയ വിദഗ്ധരുടെ സംഘം നൽകിയ റിപ്പോർട്ട് എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ? | (എഫ്) ബാധകമല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.224 | 11- 03 -2010 - ൽ മറുപടിയ്ക്ക് |
|---|---|

<u>മന്ത് രോഗ നിവാരണ പദ്ധതി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. കെ.സി. ജോസഫ്:<br>ശ്രീ കെ. ബാബു: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മന്ത് രോഗ നിവാരണ പദ്ധതിപ്രകാരം സംസ്ഥാനത്തൊട്ടാകെ എത്ര പേർക്ക് രോഗപ്രതിരോധ മരുന്ന് നൽകുകയുണ്ടായി ; ഒട്ടാകെ എത്ര ഗുളികകളാണ് നൽകിയത് ; | (എ) | മന്ത് രോഗ നിവാരണ പദ്ധതിപ്രകാരം സംസ്ഥാനത്തൊട്ടാകെ (പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ ജില്ലകൾ ഒഴികെ) 2,13,88,654 പേർക്ക് രോഗപ്രതിരോധ മരുന്ന് നൽകുകയുണ്ടായി. 6,41,65,962 ഡി.ഇ.സി. ഗുളികകളും 2,13,88,654 ആൽബൻറസോൾ ഗുളികകളും നൽകുകയുണ്ടായി. |
| (ബി) | മന്ത്രോഗം പരത്തുന്ന കൊതുകുകളുടേയും ഫൈലേറിയ അണുക്കളുടെയും സാന്ദ്രത സംസ്ഥാനത്ത് ഓരോ പ്രദേശത്തും എത്ര ശതമാനമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; | (ബി) | മന്ത്രോഗം പരത്തുന്ന കൊതുകുകളുടെ സാന്ദ്രത അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രതിരോധ മരുന്നു കഴിച്ച എത്രപേർ അസ്വസ്ഥത അനുഭവപ്പെട്ടതിനെ തുടർന്ന് ചികിത്സ തേടുകയുണ്ടായി; ഇത് സംബന്ധിച്ച എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനമാണ് നടത്തിയത് ? | (സി) | 5688 പേർക്ക് അസ്വസ്ഥത അനുഭവപ്പെടുകയും, ചികിത്സ തേടുകയും ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആവശ്യമായ ബോധവൽക്കരണ പരിപാടികൾ ആരോഗ്യ വകുപ്പ് പ്രവർത്തകർ വഴി നടത്തിയിരുന്നു. |

Gopakumar
സെക്ഷൻ ഓഫീസർ.

അനുബന്ധം

| ക്രമ നമ്പർ | ജില്ല | സാന്ദ്രത 10 എം.എച്ച്.ഡി. (10 മണിക്കൂറിൽ ശേഖരിക്കപ്പെടുന്ന കൊതുകകളുടെ സാന്ദ്രതയാണ് 10 എം.എച്ച്.ഡി) |
|---|---|---|
| 1 | തിരുവനന്തപുരം | 219 |
| 2 | കൊല്ലം | 92.63 |
| 3 | ആലപ്പുഴ | 58.05 |
| 4 | കോട്ടയം | എൻ.എഫ്.സി.പി.യൂണിറ്റ് നിലവിലില്ല. അതിനാൽ കൊതുകകളുടെ സാന്ദ്രത പഠനം നടത്തിയിട്ടില്ല. |
| 5 | എറണാകുളം | 115.47 |
| 6 | തൃശ്ശൂർ | 118.7 |
| 7 | പാലക്കാട് | 140.56 |
| 8 | മലപ്പുറം | 186.61 |
| 9 | കോഴിക്കോട് | 143.76 |
| 10 | കണ്ണൂർ | 94.59 |
| 11 | കാസർഗോഡ് | 104.83 |

ഫൈലേറിയ അണുക്കളുടെ സാന്ദ്രത (എം.എഫ്. റേറ്റ്)

| ക്രമ നമ്പർ | ജില്ല | സാന്ദ്രത |
|---|---|---|
| 1 | തിരുവനന്തപുരം | 0.4 |
| 2 | കൊല്ലം | 0.14 |
| 3 | ആലപ്പുഴ | 1.35 |
| 4 | കോട്ടയം | 0 |
| 5 | എറണാകുളം | 0 |
| 6 | തൃശ്ശൂർ | 0.6 |
| 7 | പാലക്കാട് | 1.95 |
| 8 | മലപ്പുറം | 1.6 |
| 9 | കോഴിക്കോട് | 0.26 |
| 10 | കണ്ണൂർ | 0.7 |
| 11 | കാസർഗോഡ് | 0.4 |

(മന്ത് രോഗ വാഹകരുടെ എണ്ണം വളരെ കുറഞ്ഞ് വരുന്നു എന്നതാണ് കോട്ടയം, എറണാകുളം ജില്ലകളിൽ സാന്ദ്രത കുറയാൻ കാരണം)

മൈക്രോ ഫൈലേറിയ സാന്ദ്രത % =

$$\frac{\text{രക്തത്തിൽ മൈക്രോ ഫൈലേറിയ ഉള്ളവർ}}{\text{ആകെ രക്ത പരിശോധനയ്ക്ക് വിധേയമായവർ}} \times 100$$

<u>പന്ത്രണ്ടാം കേരള നിയമസഭ</u>
പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 225</u> <u>11/03/2010-ൽ മറുപടിക്ക്</u>

## കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘം

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| (എ) കൈത്തറി നെയ്ത്ത് വ്യവസായത്തെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (എ) കൈത്തറി നെയ്ത്ത് വ്യവസായത്തെ തകർച്ചയിൽ നിന്നും രക്ഷിയ്ക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) കൈത്തറി നെയ്ത്ത് തൊഴിലാളികളുടെ സഹകരണ സംഘങ്ങളുടെ കടം എഴുതിത്തള്ളുന്നതിലേയ്ക്ക് കേന്ദ്ര സർക്കാരിന് നിവേദനം എന്തെങ്കിലും സമർപ്പിച്ചിരുന്നോ; അതിൻമേൽ കേന്ദ്ര സർക്കാർ എന്തു നടപടികൾ കൈക്കൊണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) സമർപ്പിച്ചിരുന്നു. ഇതു സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണെന്ന് അറിയിച്ചിട്ടുണ്ട്. |
| (സി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് രണ്ട് രൂപാ നിരക്കിൽ അരി നൽകുന്ന പദ്ധതിയിൽ കൈത്തറിത്തൊഴിലാളി കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്താനുള്ള സമ്മർദ്ദം ചെലുത്തുവാൻ വ്യവസായ വകുപ്പ് നടപടികൾ സ്വീകരിക്കുമോ? | (സി) 2010-11 വർഷത്തെക്കുള്ള ബഡ്ജറ്റിൽ, കൈത്തറി തൊഴിലാളികൾക്കും, രണ്ട് രൂപ നിരക്കിൽ റേഷൻ അരി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 226 — 11-03-2010-ൽ മറുപടിയ്ക്ക്

സ്പോർട്ട്സ് കമ്മീഷൻ ശുപാർശകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.രാജു എബ്രഹാം:<br>ശ്രീ.സാജു പോൾ:<br>ശ്രീ.അൽഫോൺസ് കണ്ണന്താനം: | | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>സ്പോർട്ട്സ് കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; ആയവ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | സ്പോർട്സ് കമ്മിഷൻ റിപ്പോർട്ടിൽ 69 ശിപാർശകളാണുള്ളത് (അനുബന്ധമായി ചേർത്തിരിക്കുന്നു). പ്രസ്തുത റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അതിലെ ശിപാർശകളിന്മേൽ തുടർ പരിശോധന നടത്തിവരുകയും ചെയ്യുന്നു. |
| (ബി)<br>പ്രസ്തുത ശുപാർശ പ്രകാരം 'ഒരു ജില്ലയിൽ ഒരു സ്പോർട്ട്സ് സ്കൂൾ' എന്ന പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഒരു ജില്ലയിൽ ഒരു സ്പോർട്ട്സ് സ്കൂൾ എന്ന പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കണ്ണൂർ സ്പോർട്ട്സ് ഡിവിഷനെയും എറണാകുളത്തുള്ള പനമ്പള്ളി നഗർ ഹൈസ്കൂളിനെയും സ്പോർട്ട്സ് സ്കൂളായി മാറ്റുന്നതിനാവശ്യമായ ധനസഹായം 2010-11 വർഷത്തെ സംസ്ഥാന |

| | | |
|---|---|---|
| | | ബജറ്റിൽകേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് നൽകുന്നതിനായി വകയിരുത്തിയിട്ടുണ്ട് |
| (സി) സ്പോർട്ട്സ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശുപാർശ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഉണ്ട്. മറ്റ് ശിപാർശകളോടൊപ്പം ഇക്കാര്യവും സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) 2010 സ്പോർട്ട്സ് വർഷമായി പ്രഖ്യാപിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇതിനോടനുബന്ധിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഉൾപ്പെടുത്തി സർക്കാർ ഒരു സ്പോർട്സ് കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട് (ആയത് അനുബന്ധമായി ചേർക്കുന്നു) |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 227

11/03/2010 - ൽ മറുപടിക്ക്.

## ബോട്ടുദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.തോമസ് ചാഴികാടൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വിനോദ സഞ്ചാരികൾക്കും മറ്റും ബോട്ടുയാത്രയിൽ സുരക്ഷ കർശനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) തേക്കടിയിലെ പെരിയാർ ടൈഗർ റിസർവ്വിലെ ജലാശയത്തിൽ 30/09/2009-ൽ ഉണ്ടായ ബോട്ടപകടത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ സ്വകാര്യ ബോട്ടുകളിൽ സുരക്ഷാക്രമീകരണം നടപ്പിലാക്കിക്കൊണ്ട് [16/10/2009 തീയതിയിൽ സ.ഉ. (എം.എസ്)നം.240/09/ടൂറിസം നം] സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിനോദ സഞ്ചാര ബോട്ടുകളിൽ 25 യാത്രക്കാർക്ക് ഒരു ലൈഫ്ഗാർഡ്, എല്ലാവർക്കും ആവശ്യമായ ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ്, ഫയർ എക്സ്റ്റിംഗ്യൂഷർ, ഫസ്റ്റ് എയ്ഡ് ബോക്സ്, സാന്റ് ബോക്സ്, തുഴ, കഴുക്കോൽ, നങ്കൂരം തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ വേണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നതിനോടൊപ്പം ബോട്ട് ഓടിക്കുന്നതിനാവശ്യമായ ലൈസൻസുള്ള ജീവനക്കാരും ഉണ്ടെങ്കിൽ മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. കേരളത്തിലാകമാനമുള്ള യന്ത്രവത്കൃത ബോട്ടുകൾക്ക് അടിയന്തിരമായി സുരക്ഷാ പരിശോധന നടത്തുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനുമായി വിദഗ്ധന്മാർ ഉൾപ്പെടുന്ന 20 ടീമുകളെ നിയോഗിച്ചിരുന്നു. അവരുടെ നടപടികളുടെ ഫലമായി സുരക്ഷാ ഏർപ്പാടുകൾ വളരെ ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. കുറച്ചു കൂടി കർശനമായ വ്യവസ്ഥകളോടെ പുതിയ ഉൾനാടൻ ജലയാന നിയമം നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. |

(ബി) ബോട്ട് ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ ; വിശദാംശങ്ങൾ നൽകുമോ ; :

(ബി) ബോട്ടു ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ നിലവിലുള്ള നിയമങ്ങളിലെ അപര്യാപ്തതകൾ പരിഹരിച്ചു ഭേദഗതികളോടെ പുതിയ നിയമം തയ്യാറാക്കുന്നതിനായി ശ്രീ.ആർ.എം.നായർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. 'ടി' റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള ഇൻലാന്റ് വെസ്സൽസ് റൂൾസ്-2010 - ന്റെ കരട് രൂപം തയ്യാറാക്കി ആയത് ജി.ഒ.(പി) നം.3/ സി.എസ്.ഐ.എൻ.ഡി. പ്രകാരം 18/1/2010 ൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത നിയമം ഗവൺമെന്റ് വെബ് സൈറ്റിലും ലഭ്യമാണ്. പുതിയതായി നടപ്പാക്കാനുദ്ദേശിക്കുന്ന നിയമത്തിൽ എല്ലാ യാത്രക്കാർക്കും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങൾ ബോട്ടിൽ കരുതാൻ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

(സി) തട്ടേക്കാട് ബോട്ട്ദുരന്തത്തെക്കുറിച്ച് അന്വേഷിച്ച കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ; വിശദാംശം നൽകുമോ ? :

(സി) ഗവൺമെന്റ് അംഗീകരിച്ച ജസ്റ്റിസ് എം.എം.പരീതുപിള്ള കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് വിനോദസഞ്ചാര വകുപ്പും വിദ്യാഭ്യാസ വകുപ്പും പ്രത്യേകം സുരക്ഷാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ബോട്ടുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുവാൻ മെക്കാനിക്കൽ വിഭാഗത്തിലെ കൂടുതൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളിൽ ഭേദഗതികൾ ആവശ്യമായ കാര്യങ്ങൾ പുതുതായി ഏർപ്പെടുത്തുന്ന നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (ഉദാഹരണമായി കൂടുതൽ യോഗ്യതയുള്ള ആളുകളെ നിയോഗിക്കാനുള്ള കമ്മീഷൻ ശുപാർശ പരിഗണിച്ചിട്ടുണ്ട്).

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 228

11.03.2010-ൽ മറുപടിക്ക്.

## വൻകിട വ്യവസായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ജി. കാർത്തികേയൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര വൻകിട വ്യവസായങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട് ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ഐ.ഡി.സി-യുടെ സഹായത്തോടെ 10 കോടി രൂപയിൽ കൂടുതൽ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന പതിനൊന്ന് വൻകിട വ്യവസായങ്ങൾ പ്രവർത്തനമാരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ 2 പൊതുമേഖലാ സംരംഭകർക്കും 4 സ്വകാര്യ മേഖല സംരംഭകർക്കും ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. വാണിജ്യ ഡയറക്ടറുടെ കീഴിൽ 13 വൻകിട വ്യവസായങ്ങളും കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമെ H.A.L, BEML, Brahmos തുടങ്ങിയ വൻകിട കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളേയും കൊണ്ടു വന്നിട്ടുണ്ട്. |
| (ബി) അവ ഏതെല്ലാമെന്നു പറയുമോ ; | (ബി) അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| (സി) ഈ വ്യവസായങ്ങളിൽ എത്ര പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട് ;<br><br>(ഡി) ഇവയുടെ ആകെ നിക്ഷേപം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ? | (സി)-യും (ഡി)-യും<br><br>കെ.എസ്.ഐ.ഡി.സി മുഖേന 4952 പേർക്ക് നേരിട്ട് ജോലി ലഭിക്കുന്നതാണ്. കെ.എസ്.ഐ.ഡി.സി-ക്ക് ആകെ നിക്ഷേപം ഏകദേശം 533.32 കോടി രൂപയാണ് കിൻഫ്രയെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. വ്യവസായ വാണിജ്യ ഡയറക്ടറുടെ കീഴിൽ കൊണ്ടുവന്നിട്ടുള്ള 13 വ്യവസായങ്ങളിൽ നേരിട്ട് 1061 പേർക്കും പരോക്ഷമായി 1540 പേർക്കും തൊഴിൽ കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇവയുടെ ആകെയുള്ള നിക്ഷേപം 245.17 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 229 — 11.03.2010-ൽ മറുപടിക്ക്

### ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് സൗജന്യമായി രക്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. എ.പി. അനിൽകുമാർ :<br>ശ്രീ. എം. മുരളി : | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് സൗജന്യമായി രക്തം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; | എ) ബി.പി.എൽ കാർഡ് ഉടമകൾക്ക് സൗജന്യമായി രക്തം നൽകുവാനുള്ള നിർദ്ദേശം എല്ലാ ഗവൺമെന്റ് ബ്ലഡ് ബാങ്കുകൾക്കും നൽകിയിട്ടുണ്ട്. |
| ബി) എങ്കിൽ അതനുസരിച്ച് ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് സൗജന്യമായി രക്തം നൽകുവാൻ തുടങ്ങിയോ ; | ബി) ബി.പി.എൽ കാർഡ് ഉടമകൾക്ക് രക്തം സൗജന്യമായി നൽകുവാൻ തുടങ്ങിയിട്ടുണ്ട്. |
| സി) ഇതുവരെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സൗജന്യമായി രക്തം നൽകുവാൻ കഴിയാത്തപക്ഷം എന്ന് മുതൽ അത് സൗജന്യമായി നൽകുവാൻ കഴിയുമെന്ന് പറയുമോ ? | സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 230: 11/03/2010-ൽ മറുപടിക്ക്

വ്യവസായ സഹകരണ സംഘങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

ചോദ്യം | ഉത്തരം

ശ്രീ. കെ. ബാബു

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വ്യവസായ സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശികയും പലിശയും പിഴപലിശയും അടച്ചു തീർക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; | (എ) | ഇല്ല. |
| (ബി) & (സി) | (ബി) ഇല്ലെങ്കിൽ ഈ വ്യവസ്ഥ അവയ്ക്ക് ബാധകമാക്കാത്തതെന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത സഹകരണ സംഘങ്ങളിൽ മുതൽ, പലിശ, പിഴപ്പലിശ എന്നിവ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് അനുയോജ്യമായ ആനുകൂല്യം നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ബാധകമാക്കാൻ നടപടിയെടുക്കുമോ ? | (ബി) & (സി) | വ്യവസായ സഹകരണ സംഘങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നത് സഹകരണ ആക്ടും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം ധനസഹായ ബാങ്കുകളായ കേന്ദ്ര ബാങ്കുകൾ വഴിയാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ പ്രസ്തുത ബാങ്കുകളുടെ അംഗീകാരം ആവശ്യമാണ്. സംസ്ഥാന ഗവൺമെന്റിന് ഇതിന്മേൽ തീരുമാനം എടുക്കാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231 11/03/2010-ല്‍ മറുപടിയ്ക്ക്

# മെഡിക്കല്‍ കോളേജുകളിലെ പഠന നിലവാരം ഉയര്‍ത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവന്‍കുട്ടി :<br>ശ്രീ. വി. എന്‍. വാസവന്‍ :<br>ശ്രീ. സി. കെ. സദാശിവന്‍ :<br>ശ്രീ. എ. പ്രദീപ് കുമാര്‍ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചര്‍<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കല്‍ കോളജുകളിലെ പഠന നിലവാരം ഉയര്‍ത്തുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളില്‍ അടിസ്ഥാന സൗകര്യ വികസനത്തിനും കോളേജുകളുടെ പഠന നിലവാരം ഉയര്‍ത്തുന്നതിനും നിരവധി നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. റസിഡന്‍സി സമ്പ്രദായം ഏര്‍പ്പെടുത്തുകയും ഡോക്ടര്‍മാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിക്കുകയും മെഡിക്കല്‍ കോളേജ് ആശുപത്രികളെ റഫറല്‍ ആശുപത്രികളായി ഉയര്‍ത്തുകയും ചെയ്തത് ഇതിന്റെ ഭാഗമായാണ്. എല്ലാ കോളേജുകളിലും അക്കാഡമിക് കമ്മിറ്റികള്‍ രൂപീകരിക്കുകയും വിവിധ വിഷയങ്ങളില്‍ സെമിനാറുകള്‍, പഠന യാത്രകള്‍ തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. |
| (ബി) സ്വകാര്യ മെഡിക്കല്‍ കോളേജുകളിലെ പഠന നിലവാരം സംബന്ധിച്ച് സര്‍ക്കാര്‍ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കില്‍ അതിനായി നടപടി സ്വീകരിക്കുമോ ; | (ബി) ഇല്ല ; ഇപ്പോള്‍ പരിഗണനയിലില്ല. |

| | |
|---|---|
| **(സി)** രാജ്യത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് കൂടുതലായി എത്ര സീറ്റുകൾ അനുവദിക്കും എന്ന് അറിയിക്കുമോ ; | **(സി)** രാജ്യത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് 5 മെഡിക്കൽ കോളേജുകളിൽ വിവിധ വിഷയങ്ങളിലായി 137 സീറ്റുകൾ അധികമായി ലഭിച്ചിട്ടുണ്ട്. |
| **(ഡി)** സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രത്തിൽനിന്നും എത്ര കോടി രൂപയുടെ സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | **(ഡി)** സീറ്റുകൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാമ്പത്തിക സഹായം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 232 — 11.03.2010- ൽ മറുപടിക്ക്

### പരമ്പരാഗത വ്യവസായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി.പി. മുഹമ്മദ്**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ** | **ശ്രീ. എളമരം കരീം**<br>**(വ്യവസായ വകുപ്പ് മന്ത്രി)** |
| (എ) പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം സംസ്ഥാനത്ത് എത്ര വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | (എ)<br>കയർ - 3,66,200 പേർ<br>കൈത്തറി - 1,00,000 പേർ<br>കാഷ്യൂ - 3,00,000 പേർ<br>ഖാദി - 1,52,469 പേർ |
| (ബി) പരമ്പരാഗത വ്യവസായങ്ങൾ ഏതെല്ലാമാണ്; | (ബി) കയർ, കശുവണ്ടി, കൈത്തറി, കരകൗശലം, ബീഡി, ഖാദി, ബാംബൂ. |
| (സി) പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്ക് ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കുമോ; | (സി)<br>• **കയർ**<br>കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 505 സംഘങ്ങൾക്കായി 2382.69 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. കൂടാതെ 565 സംഘങ്ങളുടെ 31.03.2006 വരെയുള്ള സർക്കാർ വായ്പയും പലിശയും ഓഹരിയാക്കി മാറ്റി (2255.19 ലക്ഷം രൂപ) അവയുടെ സാമ്പത്തിക നില ഭദ്രമാക്കി. എൻ.സി.ഡി.സി. വായ്പയും ഓഹരിയാക്കി മാറ്റുകയും പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും ചെയ്തു. കയർ മേഖലയുടെ സമഗ്ര പുരോഗതിക്കായി പഠനം നടത്തുന്നതിന് കയർ കമ്മീഷൻ രൂപീകരിക്കുകയും പ്രസ്തുത കമ്മീഷൻ നൽകിയ റിപ്പോർട്ട് അംഗീകരിക്കുകയും അവയിലെ ചുവടെ വിവരിക്കുന്ന ശുപാർശകൾ 2009-10 മുതൽ നടപ്പിലാക്കി വരികയും ചെയ്യുന്നു.<br>➢ സഹകരണ മേഖല, കുടുംബശ്രീ. സി.ഡി.എസ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ആരംഭിക്കുന്ന ഡീഫൈബറിംഗ് മില്ലുകൾക്ക് 75% |

| | |
|---|---|
| | • പരമാവധി 25 ലക്ഷം രൂപ വരെ ഗ്രാന്റ്, കൂടാതെ പിത്ത് അധിഷ്ഠിത യൂണിറ്റുകൾക്ക് 75% പരമാവധി 15 ലക്ഷം രൂപ വരെ ഗ്രാന്റ്.<br>➢ തൊണ്ട് സംഭരണ പദ്ധതിക്കായി കൺസോർഷ്യം, കൺസോർഷ്യങ്ങൾക്ക് 5 ലക്ഷം രൂപ വരെ ഗ്രാന്റ്, തൊണ്ടിന് 10 പൈസ സബ്സിഡി<br>➢ പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകൾക്ക് പരമാവധി 15 ലക്ഷം രൂപ വരെ ഗ്രാന്റ്<br>➢ ആലപ്പുഴയിൽ കയർ വ്യവസായത്തിനാവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കാൻ ഫാക്ടറി<br>➢ കയർ മേഖലയിൽ കടാശ്വാസ പദ്ധതി<br>➢ കയർ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ത്രിഫ്റ്റ്, ഷെയർ എന്നിവ തിരികെ നൽകുന്ന പദ്ധതി<br>➢ കയർ ഉല്പന്നങ്ങളുടെ വിപണനത്തിന് മാർക്കറ്റിംഗ് കൺസോർഷ്യം<br>➢ വില വ്യതിയാന ഫണ്ട്<br>➢ കയർഫെഡിന്റെ പുനരുദ്ധാരണം<br>➢ ആഭ്യന്തര വിപണി വിപുലീകരണത്തിന് വിപുലമായ പദ്ധതി; പഞ്ചായത്തുകൾ തോറും വില്പന ശാലകൾ<br>➢ കയർ കോമ്പസിറ്റ് ബോർഡ് നിർമ്മാണ ഫാക്ടറി ആലപ്പുഴയിൽ സ്ഥാപിക്കുന്നു.<br>➢ കയർഫെഡിന്റെ ചുമതലയിൽ പി.വി.സി. ടഫ്റ്റഡ് ഫാക്ടറി, മെത്ത നിർമ്മാണ യൂണിറ്റ് 3 കോടി രൂപ മുടക്കി നവീകരിച്ചു.<br>➢ കയർ ക്രയവില സ്ഥിരതാ പദ്ധതി വഴി ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിച്ചു. 70 കോടിയിലേറെ രൂപയുടെ ഓർഡർ ചെറുകിട ഉല്പാദകർ വഴി നല്കി.<br>➢ കയർ സംഘങ്ങളുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് 10% എം.ഡി.എ./ പി.എം.ഐ. നല്കുന്ന പദ്ധതി നടപ്പിലാക്കുന്നു.<br>➢ കയർ പിരി തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പു വരുത്തി. ഉല്പന്നമേഖലയിൽ 50 % വരെ വേതന വർദ്ധനവ്<br>➢ ഗവേഷണ വികസന പ്രവർത്തങ്ങൾക്ക് നേതൃത്വം നൽകുവാൻ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഉൽഘാടനം ചെയ്തു. പുതിയ മിനി ഡീഫൈബറിംഗ് മില്ലും കയർ പിരി യന്ത്രവും വിപണിയിലിറക്കുന്നു. |

| | |
|---|---|
| | ➢ കേരളത്തിന്റെ കയറിന്റെ മേന്മയും തനിമയും ഉയർത്തിപ്പിടിക്കാൻ "കേരള കയർ - ദൈവത്തിന്റെ നാട്ടിലെ സുവർണ്ണനാര്" എന്ന ബ്രാന്റ് നെയിം ആവിഷ്ക്കരിച്ചു.<br><br>• **<u>കശുവണ്ടി</u>**<br><br>കശുവണ്ടി വ്യവസായം നേരിടുന്ന മുഖ്യ പ്രശ്നമായ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സംസ്ഥാനത്തിൽ കശുമാവ് കൃഷി കർഷകർ വഴി നടപ്പിലാക്കുവാൻ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു. ഇത് നടപ്പിലാക്കുവാൻ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി കെ.എസ്.എ.സി.സി. എന്ന പേരിൽ 2007-ൽ ഒരു ഏജൻസി രൂപീകരിക്കുകയും 2007-08-ൽ കശുമാവ് കൃഷി വികസന പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. കെ.എസ്.സി.ഡി.സി. 2009-10 നടപ്പു വർഷത്തെ കശുമാവ് കൃഷിക്കായി അനുവദിച്ച 28 കോടി രൂപയിൽ നല്കിയ ആദ്യ ഗഡുവായ 5 കോടി രൂപയും സംസ്ഥാന സർക്കാർ കശുമാവ് കൃഷി പ്രോത്സാഹനാർത്ഥം അനുവദിച്ച 3 കോടി രൂപയുടെ ആദ്യ ഗഡുവായ 1.50 കോടി രൂപയും വിനിയോഗിച്ച് കേരളത്തിലെ 12 ജില്ലയിലെ 16667 കർഷകർക്കും, 36 കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കും, 6 വന വികസന ഏജൻസികൾ വഴി വനാശ്രിത കുടുംബങ്ങൾക്കും, 18 സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളിലെ കൃഷിക്കുമായി 6.53 ലക്ഷം കശുമാവ് ഗ്രാഫ്റ്റ് ചെടികൾ സൗജന്യമായി നല്കുക വഴി 3266 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുകയുണ്ടായി. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ലി. - പുനലൂർ, റീഹാബിലിറ്റേഷൻ പ്ളാന്റേഷൻ ലി. - പുനലൂർ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ജൈവരീതിയിൽ 99 ഹെക്ടർ കശുമാവ് തോട്ടം വെച്ചുപിടിപ്പിക്കുന്നതിനായി 11.07 ലക്ഷം രൂപ ധനസഹായവും നൽകി. കാപ്പക്സിന് പുനരുദ്ധാരണത്തിനായി 2006-07 വർഷം 510.56 ലക്ഷവും 2007-08-ൽ 1130.00 ലക്ഷവും 2008.09-ൽ 833 ലക്ഷവും 2009-10-ൽ 1600 ലക്ഷവും ലഭിച്ചു. ഈ തുക ഉപയോഗിച്ച് നിരന്തരമായി തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്കു പ്രദാനം ചെയ്യുവാനും ഫാക്ടറികൾ നവീകരിക്കുവാനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. |

കശുവണ്ടി വികസന കോർപ്പറേഷന്റെ പുരോഗതിക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. ബാങ്ക് ബാധ്യതകൾ ഗവൺമെന്റ് ഏറ്റെടുത്തിന്റെ 3-ാമത്തെ ഇൻസ്റ്റാൾമെന്റ് നൽകുന്നതിനായി 22.32 കോടി രൂപ 2006-07 വർഷം നൽകിയിട്ടുള്ളതാണ്.
2. തൊഴിലാളികൾക്ക് 2006 വർഷത്തെ ബോണസ് നൽകുന്നതിനും പ്രവർത്തന മൂലധനവുമായി 2006-07 വർഷം 11 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി നൽകിയിട്ടുള്ളതും, ഇപ്രകാരം കശുവണ്ടി തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നതുമാണ്.
3. 2007-08 സാമ്പത്തിക പദ്ധതിയിൽ ഉൾപ്പെടുത്തി തോട്ടണ്ടി വാങ്ങാൻ 16 കോടി രൂപ അനുവദിച്ചു നൽകിയിട്ടുള്ളതാണ്.
4. ഫാക്ടറികളുടെ നവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി 2007-08, 2008-09 വർഷങ്ങളിലായി ആകെ 18.47 കോടി രൂപ അനുവദിച്ചു നൽകിയിട്ടുള്ളതും ഇത് ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തി വരികയുമാണ്.
5. തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 2008-09 സാമ്പത്തിക വർഷം 5 കോടി രൂപയും 2009-10 വർഷം 8 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുള്ളതാണ്.
6. 2008-09 സാമ്പത്തിക വർഷം നബാർഡിൽ നിന്നും ഗവൺമെന്റ് മുഖേന 26 ലക്ഷം രൂപ ഫാക്ടറികളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി ലഭിച്ചിട്ടുള്ളതാണ്.
7. 2009-10 സാമ്പത്തിക വർഷം ഫാക്ടറികളുടെ നവീകരണം, കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, നവീന പാക്കിംഗ് സിസ്റ്റം എന്നിവയ്ക്കായി 24 കോടി രൂപ അനുവദിച്ചിട്ടുള്ളതും ഇതിൽ 21.85 കോടി രൂപ ലഭിച്ചിട്ടുള്ളതുമാണ്.
8. നിലവിലുണ്ടായിരുന്ന തട്ട് ബോർമ്മകൾക്ക് പകരമായി ഇലക്ട്രിക് ബോർമ്മ, ഹോട്ട് എയർ ബോർമ്മ എന്നിവകൾ ഫാക്ടറികളിൽ സ്ഥാപിച്ചു വരുന്നു.
9. നിലവിലുണ്ടായിരുന്ന ടിൻ ഫില്ലിംഗിന് പകരമായി ഫില്ലിംഗ് സെന്ററുകളിൽ ''ഫ്ളെക്സി'' പാക്കിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതാണ്. വിദേശ വിപണിയിൽ ''ഫ്ളെക്സി പാക്കിംഗ്'' പരിപ്പിനാണ്

| | |
|---|---|
| | മാർക്കറ്റുള്ളത്. |
| | 10. CFTRI യുടെ സാങ്കേതിക സഹായ ത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും കാഷ്യു സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യു വിറ്റ, കാഷ്യു ബീറ്റ്സ് എന്നീ 4 മൂല്യ വർദ്ധിത ഉലപന്നങ്ങൾ വിപണിയിൽ ഇറക്കിയിട്ടുള്ളതാണ് |
| | 11. ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉൽപന്നങ്ങളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോൽസാഹി പ്പിക്കുന്നതിനും ഫാക്ടറികളിൽ ഫുൾ കപ്പാസിറ്റിയിൽ വർക്ക് ചെയ്യുന്നതിലേയ്ക്ക് 7500 ഓളം തൊഴിലാളികളെ നിയമിച്ചിട്ടു ള്ളതാണ്. |
| | 12. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കു ന്നതിലേയ്ക്ക് പ്രോസസിംഗ് ജീവന ക്കാർക്ക് പ്രത്യേക തരം പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |
| | 13. കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടി യുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതി ലേയ്ക്ക് അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കൂടുതലായി നേഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തി വരുന്നുണ്ട്. |
| | 14. കശുമാങ്ങയിൽ നിന്നും ബയോ ഡീസൽ ഉല്പാദിപ്പിക്കുന്നതിനുള്ള ഗവേഷണവും നടത്തി വരികയാണ്. |
| | 15. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഒരു റിസർച്ച് ആന്റ് ഡവലപ്മെന്റ് സെന്റർ രൂപികരിച്ച് പ്രവർത്തിച്ചു വരുന്നു. |
| | 16. STC,IIFT എന്നിവയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രോഫ ഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടു ത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| | 17. ഫാക്ടറികൾ അന്താരാഷ്ട്ര നിലവാര ത്തിലുള്ളതായി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫാക്ടറികളിൽ പുതുതായി ഷെഡുകൾ നിർമ്മിക്കുകയും 2 ഫാക്ടറി കൾ ISO നിലവാരത്തിലുള്ളതായി മാറ്റുന്ന തിനാവശ്യമായ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| | • **<u>കൈത്തറി</u>** |
| | 1. നെയ്ത്തുകാർക്ക് അസംസ്കൃത വസ്തുവായ നൂൽ ന്യായവിലയ്ക്ക് |

വിതരണം ചെയ്യുന്നു.

2. നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീ ലനം നൽകുന്നു.
3. ഹാന്റക്സ്, ഹാൻവീവ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ഉല്പന്നങ്ങൾ വിറ്റഴി ക്കുന്നതിന് 10% കേന്ദ്ര റിബേറ്റും 10% നിരക്കിൽ സംസ്ഥാന റിബേറ്റും നൽകുന്നു.
4. കൈത്തറി തുണികളുടെ വിൽപ്പന യ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്നു.
5. ഹാന്റക്സ്, ഹാൻവീവ് എന്നിവ യുടെ പ്രവർത്തനങ്ങൾ ശക്തി പ്പെടുത്തുന്നതിന് ധനസഹായം നൽകുന്നു.
6. പരമ്പരാഗത ഉല്പന്നങ്ങളുടെ ഉത്പാ ദനവും വിപണനവും വർദ്ധിപ്പി ക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് കൈത്തറി/ ഖാദി വസ്ത്രങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാ ക്കുന്നു. ആഴ്ചയിൽ രണ്ടു ദിവസം സർക്കാർ ജീവനക്കാരും പൊതു ജനങ്ങളും കൈത്തറി/ഖാദി വസ്ത്രം ധരിക്കണമെന്ന നിർദ്ദേശത്തിലൂടെ ഉപയോഗം വർദ്ധിച്ചു വരുന്നു.
7. വിഷു, ഓണം, കിസ്തുമസ് എന്നീ ഉത്സവകാലത്തോടനുബന്ധിച്ച് ജില്ലകളിൽ കൈത്തറി പ്രദർശനങ്ങൾ, വില്പന മേളകൾ എന്നിവ സംഘടിപ്പിക്കുന്നു.
8. കയറ്റുമതി ഉല്പന്ന വികസന വിപണന പദ്ധതി പ്രകാരം കയറ്റുമതി ഉല്പന്ന ങ്ങളുടെ വികസനത്തിനും വിപണത്തിനും ഭാരത സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥ കൾക്ക് വിധേയമായി ഗ്രാന്റ് നൽകുന്നു.
9. ഹാന്റക്സിനും ഹാൻവീവിനും ഓഹരി പങ്കാളിത്തം നൽകുന്നു. ഈ സാമ്പത്തിക വർഷം ഓഹരി പങ്കാളിത്തമായി 458 ലക്ഷം രൂപ ഹാന്റക്സിനും 306 ലക്ഷം രൂപ ഹാൻവീവിനും നൽകി.
10. കൈത്തറി നെയ്ത്തുകാർക്കു വേണ്ടി ഐ.സി.ഐ.സി.ഐ. കേന്ദ്ര ഗവൺമെന്റു മായി ചേർന്ന് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു.
11. എൽ.ഐ.സിയും കേന്ദ്ര ഗവൺ മെന്റുമായി ചേർന്ന് കൈത്തറി നെയ്ത്തു കാർക്കായി ഇൻഷ്വറൻസ് പദ്ധതിയും കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സ്റ്റൈപന്റ് നൽകുന്ന പദ്ധതിയും നടപ്പിലാക്കു ന്നു.
12. പ്രവർത്തനമൂലധനത്തിന്റെ കുറവ് കൊണ്ട് പ്രവർത്തനരഹിതമായ തറികൾ പുനരുദ്ധരി ക്കാൻ ധനസഹായം നൽകിവരുന്നു.
13. ഉൽപന്ന വികസനത്തിനും വൈവി

| | |
|---|---|
| | ഢ്യവൽക്കരണത്തിനും ധനസഹായം നൽകി വരുന്നു.<br>14. നെയ്ത്തുകാരുടെ പ്രോവിഡന്റ് ഫണ്ട്, E.S.I വിഹിതം കുടിശ്ശിക തീർക്കാൻ ധന സഹായം നൽകുന്നു.<br>15. പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി നെയ്ത്തുകാർക്ക് നെയ്ത്ത് നൂൽ ന്യായവിലയ്ക്ക് ലഭിക്കുന്ന തിനായി ഹാന്റക്സ്, ഹാൻവീവ് എന്നിവ കൂടാതെ എറണാകുളം, കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരത്ത് കളമച്ചൽ, കൈരളി എന്നീ യാൺ ബാങ്കുകൾ ആരംഭിച്ചു.<br>16. പ്രാദേശിക ബ്രാന്റുകളെ തെരഞ്ഞെടുത്ത് ബ്രാന്റ് വികസിപ്പിക്കുന്നതിനായി കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം & ടെക്സ്റ്റയിൽ ടെക്നോളജിക്ക് സാമ്പത്തിക സഹായം നൽകി ചുമതലപ്പെടുത്തി യിട്ടുണ്ട്. മേഖലാ ബ്രാന്റുകളുടെ വികസന ത്തിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>17. ഭൗമ സൂചക ആക്ട് അനുസരിച്ച് നിലവിലുള്ള പ്രാദേശിക ഉൽപ്പന്നങ്ങ ളായ കാസർഗോഡ് സാരി, ബാലരാമപുരം സാരി, ചേന്ദമംഗലം മുണ്ട്, കൂത്താം പള്ളി സാരി, കണ്ണൂർ ഫർണിഷിംഗ് എന്നിവ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ മുംബൈ ടെക്സ്റ്റെൽസ് കമ്മിറ്റിയെ ചുമതലപ്പെടുത്തി പ്രവർത്തനം നടന്നു വരുന്നു.<br>18. നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് ഐ.എച്ച്.ഡി.എസ് പദ്ധതി യിലൂടെയും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽസ് ടെക്നോളജിയും കൈത്തറി ഡയറക്ട റേറ്റും നടത്തുന്ന പദ്ധതിയിലും പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാ ക്കുന്നു. കൂടാതെ കാസർകോഡ് സാരി, ബാലരാമപുരം സാരി എന്നിവയുടെ നെയ്ത്തിൽ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.<br>19. ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് റിബേറ്റ് ഇനത്തിൽ 1128.82 ലക്ഷം രൂപയും സ്പെഷ്യൽ റിബേറ്റ് ഇനത്തിൽ 1047.11 ലക്ഷം രൂപയും 2008-09 സാമ്പത്തിക വർഷം വിതരണം നടത്തി പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര റിബേറ്റിനത്തിൽ ഈ വർഷം ലഭ്യമായ 2,51,56,051/- രൂപ വിതരണത്തി നായി നടപടി സ്വീകരിച്ചു വരികയാണ്. |

| | |
|---|---|
| | 20. ഹാൻവീവിന്റെയും ഹാന്റക്സിന്റെയും പ്രാഥമിക സഹകരണ സംഘങ്ങളുടെയും പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 500 ലക്ഷം രൂപ ധനസഹായം കഴിഞ്ഞ സാമ്പത്തിക വർഷവും, ഈ വർഷം ഇതുവരെ 640.79 ലക്ഷവും നൽകിയിട്ടുണ്ട്.<br>21. കേന്ദ്ര ഗവൺമെന്റിന്റെ ഇന്റഗ്രേറ്റഡ് കൈത്തറി വികസന പദ്ധതി പ്രകാരം അനുമതി ലഭിക്കുന്നതിനായി 32 ക്ലസ്റ്ററുകളുടെ അപേക്ഷ ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. അതിൽ 24 ക്ലസ്റ്ററുകൾക്ക് അനുമതി ലഭിച്ചു. ഇതിന്റെ പ്രയോജനം ഏകദേശം 10,000 നെയ്ത്തുകാർക്ക് ലഭിക്കും. 14 കോടി രൂപയുടെ ഈ പദ്ധതി പ്രകാരം തന്നെ 10-ന് മുകളിൽ നെയ്ത്തുകാർ ഉൾപ്പെടുന്ന 192 ഗ്രൂപ്പുകൾക്ക് കേന്ദ്രസഹായം ലഭിക്കുന്നതിനായി അപേക്ഷ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 21 ഗ്രൂപ്പുകൾക്ക് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്.<br>22. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം, പഠനം, പരിശീലനം എന്നിവ നടത്തി വരുന്നു.<br>23. കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഓരോ സംഘത്തിനും 5 ലക്ഷം രൂപ വരെ സർക്കാർ ഷെയർ പാർട്ടിസിപ്പേഷൻ നൽകി വരുന്നുണ്ട്. 2009-10 സാമ്പത്തിക വർഷം ഈ ഇനത്തിൽ 150 ലക്ഷം രൂപ ചെലവഴിച്ചു.<br>24. മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് കൈത്തറിയെ നവീകരിക്കുന്നതിനായി ''യന്ത്രത്തറിയായി ഉയർത്തലും ഫാക്ടറി മാതൃകാ സംഘങ്ങളുടെ ആധുനികവൽക്കരണവും'' എന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. മുൻ വർഷത്തെ ഉല്പാദനത്തിന്റെ 2 ശതമാനം കണക്കാക്കി പ്രോഡക്ട് ഡവലപ്മെന്റ് അസിസ്റ്റൻസ് സംഘങ്ങൾക്ക് നൽകി വരുന്നു.<br>25. ഫാക്ടറി ടൈപ്പ് കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് യോജിച്ച തരത്തിൽ മിനി പ്രീലൂം പ്രോസസ്സ് സെന്റർ സ്ഥാപിക്കുന്നതിന് ധസഹായം നൽകുന്നതിനായി 2009-10 സാമ്പത്തിക വർഷത്തേയ്ക്ക് 50 ലക്ഷം രൂപ ഗ്രാന്റിനത്തിലും 50 ലക്ഷം രൂപ പ്രത്യേക ഓഹരി പങ്കാളിത്തമായും നൽകി. |

ഇതു കൂടാതെ പ്രീലൂം പ്രോസസ്സിംഗ് ഭാഗിക യന്ത്രവൽക്കരണം എന്ന പദ്ധതിയിലൂടെ വൈൻഡിംഗ്, വാർപിംഗ്, സൈസിംഗ് തുടങ്ങിയ പ്രീലൂം പ്രോസസ്സിംഗ് പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണത്തിന് കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് 100% ഗ്രാന്റ് നൽകുന്നതിലേയ്ക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 68.11 ലക്ഷം രൂപ ചെലവഴിക്കുകയും, ഈ സാമ്പത്തിക വർഷം 25 ലക്ഷം രൂപ വകയിരുത്തുകയും അതിൽ 24.85 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

26. തറികളുടെ മേന്മ മെച്ചപ്പെടുത്തൽ, പ്രോസസ്സിംഗ്, പ്രിന്റിംഗ്, വാർപ്പിംഗ്, യാൺ സൈസിംഗ് തുടങ്ങിയവയിലെ നവകരണത്തിലൂടെ നിലവാരം ഉയർത്തൽ. വിപണനത്തിൽ വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ''കൈത്തറി നെയ്ത്തുകാരുടെ /തൊഴിലാളികളുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കലും പുതിയ സാങ്കേതിക വിദ്യയുടെ കൈമാറ്റവും'' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 24.91 ലക്ഷം രൂപയും, ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപയും ചെലവഴിച്ചു.

27. ''അംശദാന സമ്പാദ്യ പദ്ധതി'' യിലൂടെ വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ചികിത്സാ ചെലവുകൾ, വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള ചെലവുകൾ, സംഘത്തിലെ ഓഹരിയെടുക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. ഈ സാമ്പത്തിക വർഷം ഇതിനായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളതിൽ ഇതുവരെ 38.51 ലക്ഷം രൂപ ചെലവഴിച്ചു.

28. കൈത്തറി സഹകരണ സംഘങ്ങൾക്ക് കഴിനൂൽ ലഭ്യമാക്കാൻ കഴിഞ്ഞ സാമ്പത്തിക വർഷം കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ കഴിനൂൽ ഉല്പാദനം ആരംഭിച്ചിരുന്നു. ഈ സാമ്പത്തിക വർഷം ആലപ്പുഴ സഹകരണ മില്ലിലും കഴിനൂൽ ഉല്പാദനം ആരംഭിച്ചു. ഓരോ വർഷവും ഇതിനായി 200 ലക്ഷം രൂപ ഗ്രാന്റായി നൽകുകയുണ്ടായി. അടുത്ത വർഷം തൃശ്ശൂർ സഹകരണ മില്ലിലും കഴിനൂൽ ഉല്പാദനം ആരംഭിക്കൻ പരിപാടിയിട്ടിട്ടുണ്ട്.

- ഖാദി

1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വില്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. 2009-10 വർഷം റിബേറ്റിനത്തിൽ 5.5 കോടി രൂപ വകയിരുത്തി.
2. ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25% വും 2009 മുതൽ 50% വും വർദ്ധിപ്പിച്ചു. ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന ഉല്പാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും നെയ്ത്തിന് യഥാക്രമം 40 പൈസയിൽ നിന്നും 55 പൈസയായും 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഏറ്റു കുടുക്ക സ്ലൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യ ക്ഷമമാക്കി.
3. ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് 2 കോടി രൂപ നൽകി.
4. സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും 250 രൂപ വീതം ഓണക്കാലത്ത് ഉത്സവബത്ത നൽകി. പിന്നീട് വർദ്ധിപ്പിച്ച് 300 രൂപയാക്കി.
5. ഖാദി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2009-10 വർഷം 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
6. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2009-10 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
7. ഖാദി കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ളസ്റ്റർ നടപ്പിലാക്കി. അതുപോലെ കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി അധിക കേന്ദ്ര സഹായ ഫണ്ട് (ACA) 2 കോടി രൂപ ഉപയോഗിച്ച് പയ്യന്നൂർ ഖാദി ക്ളസ്റ്റർ ആരംഭിച്ചു.
8. ഖാദി കൈതൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 വർഷം 20 ലക്ഷം രൂപ വകയിരുത്തി.
9. പരമ്പരാഗത ഗ്രാമ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2009-10-ൽ പ്രത്യേക തൊഴിൽ ദാന പദ്ധതി പ്രകാരം 80 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായി വകയിരുത്തിയിട്ടുണ്ട്.
10. ഖാദി വില്പന കേന്ദ്രങ്ങളും ഗോഡൗ

| | |
|---|---|
| | ണുകളും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനായി 2009-10-ൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>11. പരിസ്ഥിതിക്ക് അനുസരണമായി ഉല്പന്നങ്ങളുടെ നിർമ്മാണം ലക്ഷ്യമാക്കി എറണാകുളം കിഴക്കമ്പലത്ത് പേപ്പർ ക്യാരിബാഗ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.<br>12. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ പരമ്പരാഗത ഖാദി നെയ്ത്ത് തൊഴിലാളികളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമായിരുന്നു.<br>13. പരമ്പരാഗത തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതിയായ തേൻ കലവറ പദ്ധതി നടപ്പിലാക്കി. തേനീച്ച വളർത്തൽ വ്യവസായം വികസിപ്പിക്കുന്നതിന് 10 ലക്ഷം രൂപ 2009-10 വർഷം വകയിരുത്തിയിട്ടുണ്ട്.<br>14. 2006-07 , 2007-08 വർഷങ്ങളിൽ ഗ്രാമീണ തൊഴിൽ ദാന പദ്ധതിയിൽ ഗ്രാമ വ്യവസായ മേഖലയിൽ 75 കോടി രൂപ മുതൽ മുടക്കി 1100 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. 18.77 കോടി രൂപ മാർജിൻ മണി ഗ്രാന്റായി വിതരണം ചെയ്തു. 31173 പേർക്ക് ഇതുവഴി തൊഴിൽ അവസരം ലഭിച്ചു.<br>15. ഗ്രാമീണ മേഖലയിൽ തൊഴിൽ വർദ്ധിപ്പിക്കുന്നതിന്റെ ഫലമായി 2008-09 സാമ്പത്തിക വർഷം മുതൽ പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 2008-09-ൽ 58 യൂണിറ്റുകളിലൂടെ 404 പേർക്കും 2009-10-ൽ (ഫെബ്രുവരി വരെ) 171 യൂണിറ്റുകളിലൂടെ 1266 പേർക്കും തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>16. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായും പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.<br>17. നിലത്തിരുന്ന് ചർക്ക പ്രവർത്തിപ്പിക്കുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി.<br>18. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.<br>19. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/Sliver വിതരണം ചെയ്യുന്നുണ്ട്.<br>• **കരകൗശലം** |

| | |
|---|---|
| | പുതിയ ഡിസൈൻ ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കരകൗശല തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകി വരുന്നു. വ്യാപാര മേളകൾ സംഘടിപ്പിച്ച് പരമ്പരാഗത മേഖലയിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുന്നു. കൊല്ലം ജില്ലയിലെ ഉമയനല്ലൂർ, കോഴിക്കോട് ജില്ലയിലെ നെടുവണ്ണൂർ എന്നിവിടങ്ങളിൽ ആർട്ടിസാൻസ് പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.<br><br>• **ബീഡി**<br><br>ബീഡി വ്യവസായ രംഗത്ത് പ്രവർത്തിച്ചു വരുന്നവർക്ക് ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ പുതിയ തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ദിനേശ് ബീഡി സഹകരണ സംഘം മുഖേന വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും അതിനു വേണ്ടി 2006-07-ൽ 4 കോടി രൂപയും 2007-08-ൽ 50 ലക്ഷം രൂപയും 2008-09-ൽ 30 ലക്ഷം രൂപയും 2009-10 -ൽ 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>• **ബാംബൂ**<br><br>മുള ഉപയോഗിച്ചുള്ള ഫ്ളാറ്റൻഡ് ബാംബൂ ബോർഡ് നിർമ്മാണം 24.01.2008 - ൽ ആരംഭിച്ചു. പാലക്കാട് തേങ്കുറിശ്ശിയിലും കാടാമ്പുഴയിലും മാനന്തവാടിയിലും മുള പ്രോസസ്സിംഗ് ചെയ്യുന്നതിനുള്ള ഫീൽഡർ യൂണിറ്റുകൾ ആരംഭിച്ചു. നെയ്ത്തുകാരുടെ അദ്ധ്വാന ഭാരം ലഘൂകരിക്കുന്നതിനും മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലായി യന്ത്രവൽകൃത കമ്മ്യൂണിറ്റി മാക്ട് വീവിംഗ് സെന്ററുകൾ ആരംഭിച്ചു. മഞ്ചപ്ര, വാടാട്ടുപാറ തുടങ്ങിയ നിരവധി പ്രദേശങ്ങളിൽ ഇത്തരം സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ മുള ഉപയോഗിച്ച് ചൈനീസ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഫ്ളോറിംഗ് ടൈൽ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ മുന്നോട്ടു നീങ്ങുന്നു. ഈറ്റ വെട്ട് തൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട് പദ്ധതി നടപ്പിലാക്കി. നെയ്ത്തുകാർക്കും ഈറ്റവെട്ടുകാർക്കും വിവിധ ക്ഷേമപദ്ധതികളും ഇൻഷ്വറൻസും പെൻഷൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. നെയ്ത്തുതൊഴിലാളികൾക്കും ഈറ്റവെട്ടു തൊഴിലാളികൾക്കും രണ്ടു പ്രാവശ്യം കൂലി വർദ്ധിപ്പിച്ചു നൽകുകയുണ്ടായി. |

| | |
|---|---|
| (ഡി) അതിന്റെ ഫലമായി ഈ രംഗത്ത് എത്ര പേർക്ക് അധികമായി തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ? | (ഡി) കയർ - 7111 പേർക്ക്<br>കൈത്തറി - നിലവിലുള്ള തൊഴിലാളികളുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നിനുള്ള പദ്ധതികളാണ് നടപ്പാക്കി വരുന്നത്.<br>കശുവണ്ടി - 20,000 പേർക്ക്<br>ഖാദി - 6730 പേർക്ക്<br><br>സെക്ഷൻ ഓഫീസർ |

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **11.03.2010 - ൽ മറുപടിയ്ക്ക്**

**ചോദ്യം നം. : 233**

## ഭൂഗർഭ ജലത്തിന്റെ അളവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>" യു.സി.രാമൻ | | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂഗർഭ ജലത്തിന്റെ അളവിനെക്കുറിച്ച് സർക്കാർ ഈ വർഷം എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് വകുപ്പിന്റെ കീഴിലാണ് പഠനം നടത്തിയത് ; എന്താണ് പഠന റിപ്പോർട്ടിലെ വിശദാംശങ്ങൾ ; | (എ) | സംസ്ഥാനത്തെ ഭൂഗർഭ ജലത്തിന്റെ അളവിനെക്കുറിച്ച് ഭൂജലവകുപ്പ് പഠനം നടത്തിയിട്ടുണ്ട്. ഭൂജല വകുപ്പ് സംസ്ഥാനത്തെ ഹൈഡ്രോളജി പ്രോജക്ടിൻ കീഴിൽ 758 നിരീക്ഷണ കിണറുകളിലെ പ്രതിമാസ ജലനിരപ്പ് നിരീക്ഷിച്ചതിൻ പ്രകാരം 36% സാധാരണ കിണറുകളിലും 39% കുഴൽക്കിണറുകളിലും 50% ട്യൂബ് വെല്ലുകളിലും 2009 ജനുവരി മാസത്തെ അപേക്ഷിച്ച് 2010 ജനുവരിയിൽ ജലനിരപ്പ് കുറഞ്ഞതായി കണ്ടെത്തിയി ട്ടുണ്ട്. |
| (ബി) | വേനൽചൂട് അസഹ്യമായി തുടരുന്ന സാഹചര്യത്തിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന ജലദൗർലഭ്യം നേരിടാൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | കടുത്ത വരൾച്ച നേരിടുന്ന സ്ഥലങ്ങളിൽ അത് തരണം ചെയ്യുന്നതിനായി കേരളാ വാട്ടർ അതോറിറ്റി മുഖേന ധനലഭ്യതയ്ക്കനുസൃതമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.<br>i) ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.<br>ii) കേടായ പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ. |

iii) പമ്പ് സെറ്റ് മാറ്റി വയ്ക്കുന്ന പണികൾ.

iv) വാട്ടർ ലൈനുകളിലുള്ള ലീക്കുകൾ മാറ്റുക.

v) സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലലഭ്യതയനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.

vi) തകരാറിലായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുക.

കൂടാതെ ബോർ വെല്ലിൽ ഘടിപ്പിച്ചിട്ടുള്ള ഹാൻഡ് പമ്പുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും സംസ്ഥാനത്തെ വിവിധ ജില്ലകളിലായി നിർമ്മിച്ച 74 ബോർ വെല്ലുകളിലെ ജലമുപയോഗിച്ച് കുടിവെള്ളവിതരണ പദ്ധതി നടപ്പാക്കുന്നതിനും ഭൂജല വകുപ്പ് മുഖേനയും നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇതിനായി എത്ര രൂപ സർക്കാർ നീക്കിവയ്ക്കും ;

(സി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഭൂജല വകുപ്പിന് 2.5 കോടി രൂപയും കേരളാവാട്ടർ അതോറിറ്റിക്ക് 12.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള ജലസ്രോതസ്സുകൾ ശാക്തീകരിക്കാൻ പദ്ധതി ആവിഷ്കരിക്കുമോ ; എങ്കിൽ ഏതൊക്കെ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) നിലവിലുള്ള ജലസ്രോതസ്സുകൾ ശാക്തീകരിക്കുന്നതിനായി ഭൂജലവകുപ്പ് മുഖേന ' കൃത്രിമ ഭൂജലസംപോഷണമാർഗ്ഗം ' ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ നിലവി

ലുള്ള ജലസ്രോതസ്സുകൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി കുളങ്ങളുടെ നവീകരണത്തിനായി ജലസേചന വകുപ്പു മുഖേന കേന്ദ്ര സഹായത്തോടെ ഒരു പദ്ധതി ആവിഷ്കരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഇ) | കുഴൽ കിണറുകൾ നിർമ്മിക്കുമോ ; എങ്കിൽ എവിടെയൊക്കെ ; എന്താണ് ഇതിനുള്ള മാനദണ്ഡങ്ങൾ ; | (ഇ) | ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് കുഴൽക്കിണറുകൾ നിർമ്മിക്കുന്നത്. നിർമ്മാണത്തിനു ശേഷം കുഴൽക്കിണറിലെ ജലലഭ്യതയും ഗുണനിലവാരവും തിട്ടപ്പെടുത്തി ഹാൻഡ് പമ്പ് പദ്ധതികൾക്കും മിനി വാട്ടർ പദ്ധതികൾക്കും രൂപം നൽകുന്നു. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൻ കീഴിൽ, ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, ഭൂജലവകുപ്പ്, കുഴൽക്കിണർ നിർമ്മാണം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |
| (എഫ്) | അനധികൃത വാട്ടർ കണക്ഷനും ജല ദുരുപയോഗവും കണ്ടെത്തി നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (എഫ്) | അനധികൃത വാട്ടർ കണക്ഷനുകൾ, ജലദുരുപയോഗം, ജല മോഷണം, പൈപ്പ് ലൈനിലെ ലീക്കുകൾ, പൊതുടാപ്പുകളുടെ ദുരുപയോഗം എന്നിവ കണ്ടെത്തുന്നതിനായി സബ് ഡിവിഷൻ തലത്തിൽ അസി: എക്സി: എഞ്ചിനീയർ, അസി:എഞ്ചിനീയർ, മീറ്റർ റീഡർ എന്നിവരടങ്ങിയ ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 234 — 11-03-2010 ൽ മറുപടിക്ക്

## റെയിൽവേ വികസനത്തിന് സ്വീകരിച്ച നടപടികൾ

ചോദ്യം:
ശ്രീ. കെ.കെ.ദിവാകരൻ
ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി
ശ്രീ. സി.എം ദിനേശ് മണി
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
ശ്രീ. വി.ശിവൻകുട്ടി

ഉത്തരം :
ശ്രീ. എം.വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ). 2010-2011 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് അർഹമായ പരിഗണന ലഭിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ;

(എ) ഇല്ല

(ബി). റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ മുന്നോട്ടു വച്ചത് ; അവയിൽ ഏതൊക്കെ അംഗീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി). കേരളത്തിലെ റെയിൽവേ വികസനം സംബന്ധിച്ച വിവിധ ആവശ്യങ്ങൾ, കേരളത്തിലെ എം.പി.മാരുമായി ചർച്ച നടത്തുകയും, തുടർന്ന് ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തി മെമ്മോറാണ്ടം തയ്യാറാക്കി, കേന്ദ്ര റെയിൽവേ സഹമന്ത്രിയുമായും ചർച്ച ചെയ്ത്, കേന്ദ്ര റെയിൽവേ മന്ത്രി മുമ്പാകെ സമർപ്പിച്ചുവെങ്കിലും 2010-11-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് അർഹമായ പരിഗണന ലഭിച്ചിട്ടില്ല. മെമ്മോറാണ്ടം അനുബന്ധമായി ചേർത്തിട്ടുണ്ട്. മെമ്മോറാണ്ടത്തിൽ ഉന്നയിച്ച പ്രധാന ആവശ്യങ്ങളിൻമേൽ അനുകൂല നടപടി ഉണ്ടായിട്ടില്ല. മറ്റു കാര്യങ്ങളിൽ ഏതൊക്കെ അംഗീകരിച്ചുവെന്നതു സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

| | |
|---|---|
| (സി)പാലക്കാട് കോച്ച് ഫാക്ടറിക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്എന്നറിയിക്കുമോ ; | (സി) തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (ഡി)ദക്ഷിണ ചരക്ക് ഇടനാഴിയിൽ കേരളത്തെ ഉൾപ്പെടുത്തുന്നതിന് സമ്മർദ്ദം ചെലുത്തുമോ ; | (ഡി)റെയിൽ മന്ത്രാലയത്തിന്റെ മുൻപാകെ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ദക്ഷിണ ചരക്ക് ഇടനാഴി അനുവദിക്കുന്ന വിഷയം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ഇനിയും സമ്മർദ്ദം ചെലുത്തുന്നതാണ്. |
| (ഇ) കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന പദ്ധതികൾ എത്രത്തോളം നടപ്പായി എന്ന് വിശദമാക്കുമോ ? | (ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235 | 11.03.2010-ൽ മറുപടിയ്ക്ക്

## എസ്.എം.എ.പി.യുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>ശ്രീ.ജോർജ് എം.തോമസ്:<br>ശ്രീ.എസ്.രാജേന്ദ്രൻ: | | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | പാവപ്പെട്ട രോഗികൾക്ക് ചികിത്സാസഹായം നൽകുന്ന സൊസൈറ്റി(എസ്.എം.എ.പി) യുടെ പ്രവർത്തനം വിശദമാക്കുമോ; | (എ) | 24,000/-രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്കാണ് ധനസഹായത്തിന് അപേക്ഷ നൽകാൻ അർഹതയുള്ളത്. കേരളത്തിലെ 5 സർക്കാർ മെഡിക്കൽ കോളേജുകൾ, ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് തിരുവനന്തപുരം, ആർ.സി.സി.തിരുവനന്തപുരം, എസ്.എ.റ്റി, തിരുവനന്തപുരം, മലബാർ ക്യാൻസർ സെൻറർ,തലശ്ശേരി, പരിയാരം ഹൃദയാലയ, സഹകരണ മെഡിക്കൽ കോളേജ് കൊച്ചി, ഐ.സി.എച്ച്.കോട്ടയം, ഐ.എം.സി.എച്ച് കോഴിക്കോട്, ഇ.എം.എസ്.പെരിന്തൽമണ്ണ എന്നീ സ്ഥാപനങ്ങളിലെ ശസ്ത്രക്രിയകൾക്കും ചികിത്സയ്ക്കുമാണ് ധനസഹായം അനുവദിക്കുന്നത്. 10,000/-രൂപ മുതൽ 20,000/-രൂപവരെയാണ് സാമ്പത്തിക സഹായം നൽകുന്നത്. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയോടൊപ്പം ചികിത്സിച്ച ഡോക്ടറുടെ സർട്ടിഫിക്കറ്റ്, വില്ലേജ് ആഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്, തദ്ദേശ സ്വയംഭരണ അധികാരിയുടെ സർട്ടിഫിക്കറ്റ് എന്നിവയും ഹാജരാക്കേണ്ടതാണ്. |
| (ബി) | ഈ സർക്കാർ വന്നശേഷം ഇതുവരെ എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്; | (ബി) | ഈ സർക്കാർ വന്നശേഷം 31.03.2010 വരെ 7747 രോഗികൾക്ക് ആകെ 10,93,01,610/-രൂപ(പത്ത് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി ആയിരത്തി അറുനൂറ്റി പത്ത് രൂപ മാത്രം) വിതരണം നടത്തി. |
| (സി) | ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ ഇപ്പോൾ പരിഗണനയിലുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) | സൊസൈറ്റിയുടെ 21-ാമത് ഗവേണിംഗ് ബോഡി യോഗത്തിൽ 19.11.2009 വരെ ലഭിച്ച അപേക്ഷകൾ പരിഗണിക്കുകയും ധനസഹായം അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തു. അതിന് ശേഷം 452 അപേക്ഷകൾ മാത്രമേ ഇനി പരിഗണിക്കാനായി അവശേഷിക്കുന്നുള്ളു. |

| | | | |
|---|---|---|---|
| (ഡി) | സൊസൈറ്റി മുഖേന ആനുകൂല്യം നൽകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്; | (ഡി) | ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | സൊസൈറ്റിയുടെ ഫണ്ട് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | സ്വീകരിക്കുന്നതാണ്; |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 236

11.03.2010-ൽ മറുപടിക്ക്.

## ട്രേഡ് സെന്റർ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശികുമാർ :<br>ശ്രീ. എം.കെ. പുരുഷോത്തമൻ :<br>ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. എം. ഹംസ :<br>ശ്രീ. എ.എം. യൂസഫ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ഫാക്ടും ചേർന്ന് കൊച്ചിയിൽ ആരംഭിക്കുന്ന ട്രേഡ് സെന്റർ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ഫാക്ടും ചേർന്ന് ഉദ്യോഗമണ്ഡലിൽ ഫാക്ടിന്റെ ഭൂമിയിൽ ഒരു ട്രേഡ് & കൺവെൻഷൻ സെന്റർ തുടങ്ങുന്നതിന് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. സംസ്ഥാന വ്യവസായ വികസന കോർപ്പേഷന് 51% വും ഫാക്ടിന് 49% വും പങ്കാളിത്തമുള്ള സംയുക്ത സംരംഭമായാണ് പദ്ധതി നടപ്പാക്കുന്നത്. ടി. പദ്ധതിയിൽ ട്രേഡ് & എക്സിബിഷൻ സെന്റർ, കൺവെൻഷൻ കോംപ്ലക്സ്, ഹോട്ടൽ, വാണിജ്യ സമുച്ചയം എന്നിവ വിഭാവനം ചെയ്യുന്നു. |
| (ബി) പദ്ധതി നടപ്പാക്കുന്നതിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു ;<br>(സി) പദ്ധതിക്ക് ആവശ്യമായ തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ;<br>(ഡി) പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; | (ബി)-യും (സി)-യും (ഡി)-യും<br>ടി. പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ആയത് തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ പദ്ധതിയുടെ മൊത്തം ചെലവ്, ധനസമാഹരണം, ഒന്നാംഘട്ട പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തത കൈവരികയുള്ളു. |
| (ഇ) ട്രേഡ് സെന്റർ പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ഇ) ട്രേഡ് സെന്റർ പദ്ധതി നടപ്പിലാക്കുന്ന--തിലൂടെ ടൂറിസം, വാണിജ്യം, വ്യവസായം എന്നീ മേഖലകളിൽ വിവിധതരം ട്രേഡ് ഫെയറുകളും അന്താരാഷ്ട്ര തലത്തിലുള്ള കൺവെൻഷനുകളും നടത്തുന്നതിനും ഈ മേഖലകളിൽ സംസ്ഥാനത്തിന് ഗണ്യമായ പുരോഗതി കൈവരിക്കുന്ന--തിനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 237

11.03.2010-ൽ മറുപടിക്ക്.

### ബ്ലൂസ്റ്റാർ റിയൽറ്റേഴ്സിന് കൈമാറിയ ഭൂമിയിൽ സൈബർ സിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു ബോൾ :<br>ശ്രീ. സി.എം. ദിനേശ് മണി :<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) എച്ച്.എം.ടി കമ്പനി ബ്ലൂസ്റ്റാർ റിയൽറ്റേഴ്സിനു ഭൂമി വിറ്റതിന്റെ നിയമ സാധുത സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) റിട്ട് പെറ്റീഷൻ നം.3258/2008-ന്റെ 11.08.2009 -ലെ ഉത്തരവിലൂടെ താഴെപ്പറയുന്ന രണ്ടു വ്യവസ്ഥകൾ ഏർപ്പെടുത്തിയതു വഴി പൊതുജന താത്പര്യം ഹൈക്കോടതി സംരക്ഷിക്കുന്നതിനാൽ സുപ്രീംകോടതി ഇക്കാര്യത്തിൽ ഇടപെടുന്നതിന് ന്യായീകരണമില്ലായെന്നാണ് SLP(C) 1050/10-ന്റെ 08.01.2010-ലെ ഉത്തരവിലൂടെ സുപ്രീംകോടതി വ്യക്തമാക്കിയത്.<br>വ്യവസ്ഥകൾ :-<br>(1) വ്യാവസായികാവശ്യത്തിനല്ലാതെ ഇതരാവശ്യത്തിന് ഭൂമി വാങ്ങിയ ആളോ പിൻതുടർച്ചക്കാരോ ഉപയോഗിക്കാൻ പാടില്ല.<br>(2) ഹൈക്കോടതിയിൽ എച്ച്.എം.ടി-ക്ക് എതിരായി നിലവിലുള്ള സീലിംഗ് നടപടികളിന്മേൽ (CRP No.1026 of 2002) പരാമർശ വിധേയമായ മേൽ ഹൈക്കോടതി വിധി ഒരു കാരണവശാലും ബാധകമായിരിക്കുന്നതല്ല.(സുപ്രീംകോടതി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| (ബി) എച്ച്.എം.ടി ബ്ലൂസ്റ്റാറിന് കൈമാറിയ ഭൂമിയിൽ സൈബർ സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | (ബി) കൊച്ചിയിലെ കളമശ്ശേരിയിലുള്ള 70 ഏക്കർ കാമ്പസിൽ ഒരു ഐ.റ്റി. സിറ്റി നിർമ്മിക്കുന്നതിലേയ്ക്കായാണ് ബ്ലൂ സ്റ്റാർ റിയൽറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രോജക്ട് സമർപ്പിച്ചത്. പ്രസ്തുത സ്ഥലം വ്യവസായ മേഖലയായതിനാൽ പുനരധിവാസമോ കുടിഒഴിപ്പിക്കലോ ആവശ്യമായി വരുന്നതല്ല. പ്രോജക്ട് നടപ്പിലാക്കാനായി 2300 കോടി രൂപയുടെ മുതൽമുടക്ക് വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 8 വർഷം കൊണ്ട് 4 ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. |

(തുടർച്ച....2)

(സി) പദ്ധതിക്കായി എത്ര കോടി രൂപയുടെ നിക്ഷേപമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത് ;

(സി) പദ്ധതിയ്ക്കായി 2300 കോടി രൂപയുടെ നിക്ഷേപമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്.

(ഡി) പദ്ധതി പ്രദേശം പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഡി) 11.02.2010-ലെ 38-ാമത് ബോർഡ് ഓഫ് അപ്രൂവൽ യോഗത്തിൽ ബ്ലൂസ്റ്റാർ റിയൽറ്റേഴ്സ് സമർപ്പിച്ച പ്രൊപ്പോസലിന് ഫോർമൽ അപ്രൂവൽ ലഭിച്ചു.

(ഇ) ബ്ലൂസ്റ്റാറിന്റെ പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

(ഇ) ബ്ലൂസ്റ്റാറിന്റെ പദ്ധതി സർക്കാർ വിശദമായി പരിശോധിക്കുകയും, 06.10.2008-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം.1154/08/വ്യവ. പ്രകാരം അംഗീകരിച്ച പുതുക്കിയ സെസ്സ് പോളിസിയിലെ വ്യവസ്ഥകൾ പാലിക്കുന്നതിനായി ഒരു കരാർ ഉടമ്പടി ചെയ്യണമെന്നും 2008-ലെ 3258, 4271, 8172, 9927 എന്നീ WP(C)-കളിലെ 11.08.2009-ലെ ഹൈക്കോടതി വിധി പാലിക്കണമെന്നും ഉള്ള വ്യവസ്ഥകളോടു കൂടി 16.12.2009-ൽ കേന്ദ്ര ഗവൺമെന്റിലേക്ക് ശുപാർശ ചെയ്തയച്ചു.

**സെക്ഷൻ ഓഫീസർ**

ITEM NO.2 COURT NO.5 SECTION XIA

# SUPREME COURT OF INDIA

RECORD OF PROCEEDINGS

Petition(s) for Special Leave to Appeal (Civil)....../2009

........ CC 20946/2009

(From the judgement and order dated 11/08/2009 in WP No. 3258/2008 of The HIGH COURT OF KERALA AT ERNAKULAM)

STATE HUMAN RIGHT PROTECTION CENTRE & ANR ..............Petitioner(s)

VERSUS

STATE OF KERALA AND ORS. ..................Respondent(s)

WITH I.A.1(With appln(s) for c/delay in filing SLP)

Date: 08/01/2010 This Petition was called on for hearing today.

CORAM : HON'BLE MR. JUSTICE R.V. RAVEENDRAN
HON'BLE MR. JUSTICE K.S. RADHAKRISHNAN

For Petitioner(s) Mr. Sanjay Parekh, Adv.Mr. Biji Mathews, Adv.
Ms. Mamta Saxena, Adv.Mr. Anish R. Shah, Adv.Mr. Rohit Kumar Singh,Adv.

For Respondent(s) Mr. K. swami, Adv. Mrs. A.M.P.Latha, Adv. Mrs. Prabha Swami,Adv.
Mr. T.L.V. Iyer, Sr.Adv. Mr. G. Prakash ,Adv.

UPON hearing counsel the Court made the following

## ORDER

Delay condoned.

We find no reason to interfere as the High court has secured and safeguarded the public interest imposing two conditions: (1) that the land will be used by the purchaser (fourth respondent) or by any successor only for industrial purposes and not otherwise; and (2) that the impugned order of the High Court will not have any bearing on the ceiling proceedings initiated against H.M.T., pending in the High Court in C.R.P.No.1026 of 2002.

SLP is dismissed.

(O.P. Sharma)
Court Master

(M.S. Negi)
Court Master

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : **238**

11.03.2010- ൽ മറുപടിക്ക്

### <u>പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുദ്ധാരണം</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി.കെ.പി. പത്മനാഭൻ**<br>**ശ്രീ. സി.എച്ച്. കുഞ്ഞമ്പു**<br>**ശ്രീ. പി. കൃഷ്ണപ്രസാദ്**<br>**ശ്രീ. എം.ജെ.ജേക്കബ്** | **ശ്രീ. എളമരം കരീം**<br>**(വ്യവസായ വകുപ്പ് മന്ത്രി)** |
| (എ) പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുദ്ധരാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ)<br>• **<u>കയർ</u>**<br>കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 505 സംഘങ്ങൾക്കായി 2382.69 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. കൂടാതെ 565 സംഘങ്ങളുടെ 31.03.2006 വരെയുള്ള സർക്കാർ വായ്പയും പലിശയും ഓഹരിയാക്കി മാറ്റി (2255.19 ലക്ഷം രൂപ) അവയുടെ സാമ്പത്തിക നില ഭദ്രമാക്കി. എൻ.സി.ഡി.സി. വായ്പയും ഓഹരിയാക്കി മാറ്റുകയും പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും ചെയ്തു. കയർ മേഖലയുടെ സമഗ്ര പുരോഗതിക്കായി പഠനം നടത്തുന്നതിന് കയർ കമ്മീഷൻ രൂപീകരിക്കുകയും പ്രസ്തുത കമ്മീഷൻ നൽകിയ റിപ്പോർട്ട് അംഗീകരിക്കുകയും അവയിലെ ചുവടെ വിവരിക്കുന്ന ശുപാർശകൾ 2009-10 മുതൽ നടപ്പിലാക്കി വരികയും ചെയ്യുന്നു.<br>➢ സഹകരണ മേഖല, കുടുംബശ്രീ, സി.ഡി.എസ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ആരംഭിക്കുന്ന ഡീഫൈബറിംഗ് മില്ലുകൾക്ക് 75% പരമാവധി 25 ലക്ഷം രൂപ വരെ ഗ്രാന്റ്, കൂടാതെ പിത്ത് അധിഷ്ഠിത യൂണിറ്റുകൾക്ക് 75% പരമാവധി 15 ലക്ഷം രൂപ വരെ ഗ്രാന്റ്.<br>➢ തൊണ്ട് സംഭരണ പദ്ധതിക്കായി കൺസോർഷ്യം, കൺസോർഷ്യങ്ങൾക്ക് 5 ലക്ഷം രൂപ വരെ ഗ്രാന്റ്, തൊണ്ടിന് 10 പൈസ സബ്സിഡി<br>➢ പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകൾക്ക് പരമാവധി 15 ലക്ഷം രൂപ വരെ |

| | |
|---|---|
| | മില്ലുകൾക്ക് പരമാവധി 15 ലക്ഷം രൂപ വരെ ഗ്രാന്റ്<br>➢ ആലപ്പുഴയിൽ കയർ വ്യവസായത്തിനാവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കാൻ ഫാക്ടറി<br>➢ കയർ മേഖലയിൽ കടാശ്വാസ പദ്ധതി<br>➢ കയർ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ത്രിഫ്റ്റ്, ഷെയർ എന്നിവ തിരികെ നൽകുന്ന പദ്ധതി<br>➢ കയർ ഉല്പന്നങ്ങളുടെ വിപണനത്തിന് മാർക്കറ്റിംഗ് കൺസോർഷ്യം<br>➢ വില വ്യതിയാന ഫണ്ട്<br>➢ കയർഫെഡിന്റെ പുനരുദ്ധാരണം<br>➢ ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചു.<br>➢ പുതിയ മിനി ഡീഫൈബറിംഗ് മില്ലുകളും, കയർ പിരി യന്ത്രങ്ങളും വിപണിയിൽ ഇറക്കുന്നു.<br>➢ ഫോമിലിന്റെ ചുമതലയിൽ കോമ്പസിറ്റ് ബോർഡ് നിർമ്മാണ ഫാക്ടറിക്ക് അംഗീകാരമായി.<br>➢ കയർഫെഡിന്റെ ചുമതലയിൽ 10 കോടി രൂപ മുതൽ മുടക്കുള്ള പി.വി.സി. ടഫ്റ്റഡ് യൂണിറ്റ്; മൂന്ന് കോടി രൂപ മുതൽ മുടക്കി മെത്ത നിർമ്മാണ ശാല നവീകരിച്ചു.<br>➢ കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുവാൻ വിപുലമായ പദ്ധതികൾ; പഞ്ചായത്തുകൾതോറും കയർ വില്പന ശാലകൾ<br>➢ കയർ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഇല്ലാതാക്കാൻ കയർ ക്രയവില സ്ഥിരതാ പദ്ധതി; 70 കോടി രൂപയിലേറെ ഉല്പന്നങ്ങളുടെ ഓർഡർ ഈ സംവിധാനം വഴി ചെറുകിട ഉല്പാദകർക്ക് നല്കി.<br>➢ കേരളത്തിന്റെ കയറിന്റെ മേന്മയും തനിമയും ഉയർത്തിപ്പിടിക്കാൻ "കേരള കയർ - ദൈവത്തിന്റെ നാട്ടിലെ സുവർണ്ണനാര്" എന്ന ബ്രാന്റ് നെയിം ആവിഷ്ക്കരിച്ചു.<br><br>• <u>**കശുവണ്ടി**</u><br><br>കശുവണ്ടി വ്യവസായം നേരിടുന്ന മുഖ്യ പ്രശ്നമായ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സംസ്ഥാനത്തിൽ |

| | |
|---|---|
| | കശുമാവ് കൃഷി കർഷകർ വഴി നടപ്പിലാക്കുവാൻ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു. ഇത് നടപ്പിലാക്കുവാൻ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി കെ.എസ്.എ.സി.സി. എന്ന പേരിൽ 2007-ൽ ഒരു ഏജൻസി രൂപീകരിക്കുകയും 2007-08-ൽ കശുമാവ് കൃഷി വികസന പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. കെ.എസ്.സി.ഡി.സി. 2009-10 നടപ്പു വർഷത്തെ കശുമാവ് കൃഷിക്കായി അനുവദിച്ച 28 കോടി രൂപയിൽ നല്കിയ ആദ്യ ഗഡുവായ 5 കോടി രൂപയും സംസ്ഥാന സർക്കാർ കശുമാവ് കൃഷി പ്രോത്സാഹനാർത്ഥം അനുവദിച്ച 3 കോടി രൂപയുടെ ആദ്യ ഗഡുവായ 1.50 കോടി രൂപയും വിനിയോഗിച്ച് കേരളത്തിലെ 12 ജില്ലയിലെ 16667 കർഷകർക്കും, 36 കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കും, 6 വന വികസന ഏജൻസികൾ വഴി വനാശ്രിത കുടുംബങ്ങൾക്കും, 18 സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളിലെ കൃഷിക്കുമായി 6.53 ലക്ഷം കശുമാവ് ഗ്രാഫ്റ്റ് ചെടികൾ സൗജന്യമായി നല്കുക വഴി 3266 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുകയുണ്ടായി. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ലി. - പുനലൂർ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലി. - പുനലൂർ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ജൈവരീതിയിൽ 93 ഹെക്ടർ കശുമാവ് തോട്ടം വെച്ചുപിടിപ്പിക്കുന്നതിനായി 11.07 ലക്ഷം രൂപ ധനസഹായവും നൽകി. കാപ്പക്സിന് പുനരുദ്ധാരണത്തിനായി 2006-07 വർഷം 510.56 ലക്ഷവും 2007-08-ൽ 1130.00 ലക്ഷവും 2008.09-ൽ 833 ലക്ഷവും 2009-10-ൽ 1600 ലക്ഷവും ലഭിച്ചു. ഈ തുക ഉപയോഗിച്ച് നിരന്തരമായി തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്കു പ്രദാനം ചെയ്യുവാനും ഫാക്ടറികൾ നവീകരിക്കുവാനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.<br>കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ പുരോഗതിക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>1. ബാങ്ക് ബാധ്യതകൾ ഗവൺമെന്റ് ഏറ്റെടുത്തിന്റെ 3-ാമത്തെ ഇൻസ്റ്റാൾമെന്റ് നൽകുന്നതിനായി 22.32 കോടി രൂപ 2006-07 വർഷം നൽകിയിട്ടുള്ളതാണ്.<br>2. തൊഴിലാളികൾക്ക് 2006 വർഷത്തെ ബോണസ് നൽകുന്നതിനും പ്രവർത്തന മൂലധനവുമായി 2006-07 വർഷം 11 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി നൽകിയി |

| | |
|---|---|
| | ട്ടുള്ളതും, ഇപ്രകാരം കശുവണ്ടി തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നതുമാണ്.<br>3. 2007-08 സാമ്പത്തിക പദ്ധതിയിൽ ഉൾപ്പെടുത്തി തോട്ടണ്ടി വാങ്ങാൻ 16 കോടി രൂപ അനുവദിച്ചു നൽകിയിട്ടുള്ളതാണ്.<br>4. ഫാക്ടറികളുടെ നവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി 2007-08, 2008-09 വർഷങ്ങളിലായി ആകെ 18.47 കോടി രൂപ അനുവദിച്ചു നൽകിയിട്ടുള്ളതും ഇത് ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തി വരികയുമാണ്.<br>5. തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 2008-09 സാമ്പത്തിക വർഷം 5 കോടി രൂപയും 2009-10 വർഷം 8 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുള്ളതാണ്.<br>6. 2008-09 സാമ്പത്തിക വർഷം നബാർഡിൽ നിന്നും ഗവൺമെന്റ് മുഖേന 26 ലക്ഷം രൂപ ഫാക്ടറികളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി ലഭിച്ചിട്ടുള്ളതാണ്.<br>7. 2009-10 സാമ്പത്തിക വർഷം ഫാക്ടറികളുടെ നവീകരണം, കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തൽ, മൂല്യ വർദ്ധിത ഉല്പന്നങ്ങൾ, നവീന പാക്കിംഗ് സിസ്റ്റം എന്നിവയ്ക്കായി 24 കോടി രൂപ അനുവദിച്ചിട്ടുള്ളതും ഇതിൽ 21.85 കോടി രൂപ ലഭിച്ചിട്ടുള്ളതുമാണ്.<br>8. നിലവിലുണ്ടായിരുന്ന തട്ട് ബോർമ്മകൾക്ക് പകരമായി ഇലക്ട്രിക് ബോർമ്മ, ഹോട്ട് എയർ ബോർമ്മ എന്നിവകൾ ഫാക്ടറികളിൽ സ്ഥാപിച്ചു വരുന്നു.<br>9. നിലവിലുണ്ടായിരുന്ന ടിൻ ഫില്ലിംഗിന് പകരമായി ഫില്ലിംഗ് സെന്ററുകളിൽ "ഫ്ളെക്സി" പാക്കിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതാണ്. വിദേശ വിപണിയിൽ "ഫ്ളെക്സി പാക്കിംഗ്" പരിപ്പിനാണ് മാർക്കറ്റുള്ളത്.<br>10. CFTRI.യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ വിറ്റ, കാഷ്യൂ ബീറ്റ്സ് എന്നീ 4 മൂല്യ വർദ്ധിത ഉലപന്നങ്ങൾ വിപണിയിൽ ഇറക്കിയിട്ടുള്ളതാണ്<br>11. ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉൽപന്നങ്ങളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും ഫാക്ടറികളിൽ ഫുൾ |

കപ്പാസിറ്റിയിൽ വർക്ക് ചെയ്യുന്നതിലേയ്ക്ക് 7500 ഓളം തൊഴിലാളികളെ നിയമിച്ചിട്ടുള്ളതാണ്.

12. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിലേയ്ക്ക് പ്രോസസിംഗ് ജീവനക്കാർക്ക് പ്രത്യേക തരം പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.
13. കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കൂടുതലായി നേഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തി വരുന്നുണ്ട്.
14. കശുമാങ്ങയിൽ നിന്നും ബയോ ഡീസൽ ഉല്പാദിപ്പിക്കുന്നതിനുള്ള ഗവേഷണവും നടത്തി വരികയാണ്.
15. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഒരു റിസർച്ച് ആന്റ് ഡവലപ്മെന്റ് സെന്റർ രൂപികരിച്ച് പ്രവർത്തിച്ചു വരുന്നു.
16. STC,IIFT എന്നിവയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രോഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.
17. ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിലുള്ളതായി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫാക്ടറികളിൽ പുതുതായി ഷെഡുകൾ നിർമ്മിക്കുകയും 2 ഫാക്ടറികൾ ISO നിലവാരത്തിലുള്ളതായി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങളും നടത്തി വരുന്നു.

- **<u>കൈത്തറി</u>**

1. നെയ്ത്തുകാർക്ക് അസംസ്കൃത വസ്തുവായ നൂൽ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നു.
2. നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീ ലനം നൽകുന്നു.
3. ഹാന്റക്സ്, ഹാൻവീവ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് 10% കേന്ദ്ര റിബേറ്റും 10% നിരക്കിൽ സംസ്ഥാന റിബേറ്റും നൽകുന്നു.
4. കൈത്തറി തുണികളുടെ വിൽപ്പന യ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്നു.
5. ഹാന്റക്സ്, ഹാൻവീവ് എന്നിവ യുടെ

| | |
|---|---|
| | പ്രവർത്തനങ്ങൾ ശക്തി പ്പെടുത്തുന്നതിന് ധനസഹായം നൽകുന്നു.<br>6. പരമ്പരാഗത ഉല്പന്നങ്ങളുടെ ഉത്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് കൈത്തറി/ ഖാദി വസ്ത്രങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാ ക്കുന്നു. ആഴ്ചയിൽ രണ്ടു ദിവസം സർക്കാർ ജീവനക്കാരും പൊതു ജനങ്ങളും കൈത്തറി/ഖാദി വസ്ത്രം ധരിക്കണമെന്ന നിർദ്ദേശത്തിലൂടെ ഉപയോഗം വർദ്ധിച്ചു വരുന്നു.<br>7. വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോടനുബന്ധിച്ച് ജില്ലകളിൽ കൈത്തറി പ്രദർശനങ്ങൾ, വില്പന മേളകൾ എന്നിവ സംഘടിപ്പിക്കുന്നു.<br>8. കയറ്റുമതി ഉല്പന്ന വികസന വിപണന പദ്ധതി പ്രകാരം കയറ്റുമതി ഉല്പന്നങ്ങളുടെ വികസനത്തിനും വിപണത്തിനും ഭാരത സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാന്റ് നൽകുന്നു.<br>9. ഹാന്റക്സിനും ഹാൻവീവിനും ഓഹരി പങ്കാളിത്തം നൽകുന്നു. ഈ സാമ്പത്തിക വർഷം ഓഹരി പങ്കാളിത്തമായി 458 ലക്ഷം രൂപ ഹാന്റക്സിനും 306 ലക്ഷം രൂപ ഹാൻവീവിനും നൽകി.<br>10. കൈത്തറി നെയ്ത്തുകാർക്കു വേണ്ടി ഐ.സി.ഐ.സി.ഐ. കേന്ദ്ര ഗവൺമെന്റുമായി ചേർന്ന് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു.<br>11. എൽ.ഐ.സിയും കേന്ദ്ര ഗവൺമെന്റുമായി ചേർന്ന് കൈത്തറി നെയ്ത്തുകാർക്കായി ഇൻഷ്വറൻസ് പദ്ധതിയും കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സ്റ്റൈപന്റ് നൽകുന്ന പദ്ധതിയും നടപ്പിലാക്കു ന്നു.<br>12. പ്രവർത്തനമൂലധനത്തിന്റെ കുറവ് കൊണ്ട് പ്രവർത്തനരഹിതമായ തറികൾ പുനരുദ്ധരിക്കാൻ ധനസഹായം നൽകിവരുന്നു.<br>13. ഉൽപന്ന വികസനത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ധനസഹായം നൽകി വരുന്നു.<br>14. നെയ്ത്തുകാരുടെ പ്രോവിഡന്റ് ഫണ്ട്, E.S.I വിഹിതം കുടിശ്ശിക തീർക്കാൻ ധന സഹായം നൽകുന്നു.<br>15. പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി നെയ്ത്തുകാർക്ക് നെയ്ത്ത് നൂൽ ന്യായവിലയ്ക്ക് ലഭിക്കുന്നതിനായി ഹാന്റക്സ്, ഹാൻവീവ് എന്നിവ കൂടാതെ എറണാകുളം, കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരത്ത് |

| | |
|---|---|
| | കളമച്ചൽ, കൈരളി എന്നി യാണ് ബ്രാങ്കുകൾ ആരംഭിച്ചു.<br>16. പ്രാദേശിക ബ്രാന്റുകളെ തെരഞ്ഞെടുത്ത് ബ്രാന്റ് വികസിപ്പിക്കുന്നതിനായി കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം & ടെക്സ്റ്റയിൽ ടെക്നോളജിക്ക് സാമ്പത്തിക സഹായം നൽകി ചുമതലപ്പെടുത്തി യിട്ടുണ്ട്. മേഖലാ ബ്രാന്റുകളുടെ വികസന ത്തിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>17. ഭൗമ സൂചക ആക്ട് അനുസരിച്ച് നിലവിലുള്ള പ്രാദേശിക ഉൽപ്പന്നങ്ങ ളായ കാസർഗോഡ് സാരി, ബാലരാമപുരം സാരി, ചേന്ദമംഗലം മുണ്ട്, കുത്താം പള്ളി സാരി, കണ്ണൂർ ഫർണിഷിംഗ് എന്നിവ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ മുംബൈ ടെക്സ്റ്റൈൽസ് കമ്മിറ്റിയെ ചുമതലപ്പെടുത്തി പ്രവർത്തനം നടന്നു വരുന്നു.<br>18. നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് ഐ.എച്ച്.ഡി.എസ് പദ്ധതിയിലൂടെയും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽസ് ടെക്നോളജിയും കൈത്തറി ഡയറക്ട റേറ്റും നടത്തുന്ന പദ്ധതിയിലും പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാ ക്കുന്നു. കൂടാതെ കാസർകോഡ് സാരി, ബാലരാമപുരം സാരി എന്നിവയുടെ നെയ്ത്തിൽ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.<br>19. ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് റിബേറ്റ് ഇനത്തിൽ 1128.82 ലക്ഷം രൂപയും സ്പെഷ്യൽ റിബേറ്റ് ഇനത്തിൽ 1047.11 ലക്ഷം രൂപയും 2008-09 സാമ്പത്തിക വർഷം വിതരണം നടത്തി പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര റിബേറ്റിനത്തിൽ ഈ വർഷം ലഭ്യമായ 2,51,56,051/- രൂപ വിതരണത്തി നായി നടപടി സ്വീകരിച്ചു വരികയാണ്.<br>20. ഹാൻവീവിന്റെയും ഹാന്റക്സിന്റെയും പ്രാഥമിക സഹകരണ സംഘങ്ങളുടെയും പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്ന തിനായി 500 ലക്ഷം രൂപ ധനസഹായം കഴിഞ്ഞ സാമ്പത്തിക വർഷവും, ഈ വർഷം ഇതുവരെ 640.79 ലക്ഷവും നൽകിയിട്ടുണ്ട്.<br>21. കേന്ദ്ര ഗവൺമെന്റിന്റെ ഇന്റഗ്രേറ്റഡ് കൈത്തറി വികസന പദ്ധതി പ്രകാരം അനുമതി ലഭിക്കുന്നതിനായി 32 ക്ലസ്റ്ററുകളുടെ അപേക്ഷ ഗവൺമെന്റിന് |

സമർപ്പിച്ചിരുന്നു. അതിൽ 24 ക്ലസ്റ്ററുകൾക്ക് അനുമതി ലഭിച്ചു. ഇതിന്റെ പ്രയോജനം ഏകദേശം 10,000 നെയ്ത്തുകാർക്ക് ലഭിക്കും. 14 കോടി രൂപയുടെ ഈ പദ്ധതി പ്രകാരം തന്നെ 10-ന് മുകളിൽ നെയ്ത്തുകാർ ഉൾപ്പെടുന്ന 192 ഗ്രൂപ്പുകൾക്ക് കേന്ദ്രസഹായം ലഭിക്കുന്നതിനായി അപേക്ഷ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 21 ഗ്രൂപ്പുകൾക്ക് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്.

22. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം, പഠനം, പരിശീലനം എന്നിവ നടത്തി വരുന്നു.
23. കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഓരോ സംഘത്തിനും 5 ലക്ഷം രൂപ വരെ സർക്കാർ ഷെയർ പാർട്ടിസിപ്പേഷൻ നൽകി വരുന്നുണ്ട്. 2009-10 സാമ്പത്തിക വർഷം ഈ ഇനത്തിൽ 150 ലക്ഷം രൂപ ചെലവഴിച്ചു.
24. മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് കൈത്തറിയെ നവീകരിക്കുന്നതിനായി ''യന്ത്രത്തറിയായി ഉയർത്തലും ഫാക്ടറി മാതൃകാ സംഘങ്ങളുടെ ആധുനികവൽക്കരണവും'' എന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. മുൻ വർഷത്തെ ഉല്പാദനത്തിന്റെ 2 ശതമാനം കണക്കാക്കി പ്രോഡക്ട് ഡവലപ്മെന്റ് അസിസ്റ്റൻസ് സംഘങ്ങൾക്ക് നൽകി വരുന്നു.
25. ഫാക്ടറി ടൈപ്പ് കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് യോജിച്ച തരത്തിൽ മിനി പ്രീലൂം പ്രോസസ്സ് സെന്റർ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനായി 2009-10 സാമ്പത്തിക വർഷത്തേയ്ക്ക് 50 ലക്ഷം രൂപ ഗ്രാന്റിനത്തിലും 50 ലക്ഷം രൂപ പ്രത്യേക ഓഹരി പങ്കാളിത്തമായും നൽകി.

    ഇതു കൂടാതെ പ്രീലൂം പ്രോസസ്സിംഗ് ഭാഗിക യന്ത്രവൽക്കരണം എന്ന പദ്ധതിയിലൂടെ വൈൻഡിംഗ്, വാർപിംഗ്, സൈസിംഗ് തുടങ്ങിയ പ്രീലൂം പ്രോസസ്സിംഗ് പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണത്തിന് കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് 100% ഗ്രാന്റ് നൽകുന്നതിലേയ്ക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 68.11 ലക്ഷം രൂപ ചെലവഴിക്കുകയും, ഈ സാമ്പത്തിക വർഷം 25 ലക്ഷം രൂപ

| | |
|---|---|
| | വകയിരുത്തുകയും അതിൽ 24.85 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>26. തറികളുടെ മേന്മ മെച്ചപ്പെടുത്തൽ, പ്രോസസ്സിംഗ്, പ്രിന്റിംഗ്, വാർപ്പിംഗ്, യാൺ സൈസിംഗ് തുടങ്ങിയവയിലെ നവകരണത്തിലൂടെ നിലവാരം ഉയർത്തൽ, വിപണനത്തിൽ വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ''കൈത്തറി നെയ്ത്തുകാരുടെ /തൊഴിലാളികളുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കലും പുതിയ സാങ്കേതിക വിദ്യയുടെ കൈമാറ്റവും'' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 24.91 ലക്ഷം രൂപയും, ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപയും ചെലവഴിച്ചു.<br>27. ''അംശദായ സമ്പാദ്യ പദ്ധതി'' യിലൂടെ വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ചികിത്സാ ചെലവുകൾ, വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള ചെലവുകൾ, സംഘത്തിലെ ഓഹരിയെടുക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. ഈ സാമ്പത്തിക വർഷം ഇതിനായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളതിൽ ഇതുവരെ 38.51 ലക്ഷം രൂപ ചെലവഴിച്ചു.<br>28. കൈത്തറി സഹകരണ സംഘങ്ങൾക്ക് കഴിനൂൽ ലഭ്യമാക്കാൻ കഴിഞ്ഞ സാമ്പത്തിക വർഷം കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ കഴിനൂൽ ഉല്പാദനം ആരംഭിച്ചിരുന്നു. ഈ സാമ്പത്തിക വർഷം ആലപ്പുഴ സഹകരണ മില്ലിലും കഴിനൂൽ ഉല്പാദനം ആരംഭിച്ചു. ഓരോ വർഷവും ഇതിനായി 200 ലക്ഷം രൂപ ഗ്രാന്റായി നൽകുകയുണ്ടായി. അടുത്ത വർഷം തൃശ്ശൂർ സഹകരണ മില്ലിലും കഴിനൂൽ ഉല്പാദനം ആരംഭിക്കാൻ പരിപാടിയിട്ടിട്ടുണ്ട്.<br><br>• <u>ഖാദി</u><br>1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വില്പനയക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. 2009-10 വർഷം റിബേറ്റിനത്തിൽ 5.5 കോടി രൂപ വകയിരുത്തി.<br>2. ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25% വും 2009 മുതൽ 50% വും വർദ്ധിപ്പിച്ചു. ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന ഉല്പാദന ഇൻസെന്റീവ് |

നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും നെയ്ത്തിന് യഥാക്രമം 40 പൈസയിൽ നിന്നും 55 പൈസയായും 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. മുടക്കം കൂടാതെ ഖാദി തൊഴിലാളികൾക്ക് പഞ്ഞിയും നൂലും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഏറ്റുകുടുക്ക സ്ലൈവർ പ്ളാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി.

3. ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് 2 കോടി രൂപ നൽകി.
4. സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും 250 രൂപ വീതം ഓണക്കാലത്ത് ഉത്സവബത്ത നൽകി. പിന്നീട് വർദ്ധിപ്പിച്ച് 300 രൂപയാക്കി.
5. ഖാദി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2009-10 വർഷം 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
6. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2009-10 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
7. ഖാദി കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ളസ്റ്റർ നടപ്പിലാക്കി. അതുപോലെ കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി അധിക കേന്ദ്ര സഹായ ഫണ്ട് (ACA) 2 കോടി രൂപ ഉപയോഗിച്ച് പയ്യന്നൂർ ഖാദി ക്ളസ്റ്റർ ആരംഭിച്ചു.
8. ഖാദി കൈത്തൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 വർഷം 20 ലക്ഷം രൂപ വകയിരുത്തി.
9. പരമ്പരാഗത ഗ്രാമ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2009-10-ൽ പ്രത്യേക തൊഴിൽ ദാന പദ്ധതി പ്രകാരം 80 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായി വകയിരുത്തിയിട്ടുണ്ട്.
10. ഖാദി വില്പന കേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനായി 2009-10-ൽ 50 ലക്ഷം രൂപ വകയിരുത്തി യിട്ടുണ്ട്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

| | |
|---|---|
| | 11. പരിസ്ഥിതിക്ക് അനുസരണമായി ഉല്പന്നങ്ങളുടെ നിർമ്മാണം ലക്ഷ്യമാക്കി എറണാകുളം കിഴക്കമ്പലത്ത് പേപ്പർ . ക്യാരിബാഗ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.<br>12. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ പരമ്പരാഗത ഖാദി നെയ്ത്ത് തൊഴിലാളി കളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമായിരുന്നു.<br>13. പരമ്പരാഗത തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതിയായ തേൻ കലവറ പദ്ധതി നടപ്പിലാക്കി. തേനീച്ച വളർത്തൽ വ്യവസായം വികസിപ്പിക്കുന്നതിന് 10 ലക്ഷം രൂപ 2009-10 വർഷം വകയിരുത്തിയിട്ടുണ്ട്.<br>14. 2006-07 , 2007-08 വർഷങ്ങളിൽ ഗ്രാമീണ തൊഴിൽ ദാന പദ്ധതിയിൽ ഗ്രാമ വ്യവസായ മേഖലയിൽ 75 കോടി രൂപ മുതൽ മുടക്കി 1100 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. 18.77 കോടി രൂപ മാർജിൻ മണി ഗ്രാന്റായി വിതരണം ചെയ്തു. 31173 പേർക്ക് ഇതുവഴി തൊഴിൽ അവസരം ലഭിച്ചു.<br>15. ഗ്രാമീണ മേഖലയിൽ തൊഴിൽ വർദ്ധിപ്പിക്കുന്നതിന്റെ ഫലമായി 2008-09 സാമ്പത്തിക വർഷം മുതൽ പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 2008-09-ൽ 58 യൂണിറ്റുകളിലൂടെ 404 പേർക്കും 2009-10-ൽ (ഫെബ്രുവരി വരെ) 171 യൂണിറ്റുകളിലൂടെ 1266 പേർക്കും തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>16. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായും പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.<br>17. നിലത്തിരുന്ന് ചർക്ക പ്രവർത്തിപ്പിക്കുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി.<br>18. നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ്" നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.<br>19. ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/Sliver വിതരണം ചെയ്യുന്നുണ്ട്. |

- **കരകൗശലം**

പുതിയ ഡിസൈൻ ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കരകൗശല തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകി വരുന്നു. വ്യാപാര മേളകൾ സംഘടിപ്പിച്ച് പരമ്പരാഗത മേഖലയിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുന്നു. കൊല്ലം ജില്ലയിലെ ഉമയനല്ലൂർ, കോഴിക്കോട് ജില്ലയിലെ നെടുവണ്ണൂർ എന്നിവിടങ്ങളിൽ ആർട്ടിസാൻസ് പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

- **ബീഡി**

ബീഡി വ്യവസായ രംഗത്ത് പ്രവർത്തിച്ചു വരുന്നവർക്ക് ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ പുതിയ തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ദിനേശ് ബീഡി സഹകരണ സംഘം മുഖേന വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും അതിനു വേണ്ടി 2006-07-ൽ 4 കോടി രൂപയും 2007-08-ൽ 50 ലക്ഷം രൂപയും 2008-09-ൽ 30 ലക്ഷം രൂപയും 2009-10 -ൽ 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

- **ബാംബൂ**

മുള ഉപയോഗിച്ചുള്ള ഫ്ളാറ്റൻഡ് ബാംബൂ ബോർഡ് നിർമ്മാണം 24.01.2008 - ൽ ആരംഭിച്ചു. പാലക്കാട് തേങ്കുറിശ്ശിയിലും കാടാമ്പുഴയിലും മാനന്തവാടിയിലും മുള പ്രോസസ്സിംഗ് ചെയ്യുന്നതിനുള്ള ഫീൽഡർ യൂണിറ്റുകൾ ആരംഭിച്ചു. നെയ്ത്തുകാരുടെ അദ്ധ്വാന ഭാരം ലഘൂകരിക്കുന്നതിനും മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലായി യന്ത്രവൽകൃത കമ്മ്യൂണിറ്റി മാക്സ് വീവിംഗ് സെന്ററുകൾ ആരംഭിച്ചു. മഞ്ഞപ്ര, വാടാട്ടുപാറ തുടങ്ങിയ നിരവധി പ്രദേശങ്ങളിൽ ഇത്തരം സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ മുള ഉപയോഗിച്ച് ചൈനീസ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഫ്ളോറിംഗ് ടൈൽ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ മുന്നോട്ടു നീങ്ങുന്നു. ഈറ്റ വെട്ട് തൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട പദ്ധതി നടപ്പിലാക്കി. നെയ്ത്തുകാർക്കും ഈറ്റവെട്ടുകാർക്കും വിവിധ ക്ഷേമപദ്ധതികളും ഇൻഷ്വറൻസും പെൻഷൻ

| | |
|---|---|
| | പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. നെയ്ത്തുതൊഴിലാളികൾക്കും ഈറ്റവെട്ടു തൊഴിലാളികൾക്കും രണ്ടു പ്രാവശ്യം കൂലി വർദ്ധിപ്പിച്ചു നൽകുകയുണ്ടായി. |
| **(ബി)** ഖാദി മേഖലയിൽ അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ് തടയുന്നതിന് നടപടി സ്വീകരിക്കുമോ; | **(ബി)** പ്രധാന അസംസ്കൃത വസ്തുവായ പഞ്ഞിക്ക് സബ്സിഡി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| **(സി)** കൈത്തറി - ഖാദി ഉല്പന്നങ്ങൾ പുതിയ കാലത്തെ ആവശ്യങ്ങൾക്കും അഭിരുചികൾക്കുമനുസരിച്ച് വൈവിദ്ധ്യവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | **(സി)** ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആകർഷകമായ ബെഡ് ഷീറ്റുകൾ പുതിയ തരം ഡിസൈനിലുള്ള സിൽക്ക് തുണിത്തരങ്ങൾ, നല്ല ഡിസൈനുകളും ഗുണമേന്മയുമുള്ള ഷർട്ടിംഗ് തുണികൾ തുടങ്ങിയവ നെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൈത്തറി ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനായും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| **(ഡി)** ഖാദി തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | **(ഡി)** ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25%വും 2009 മുതൽ 50%വും വർദ്ധിപ്പിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന ഉല്പാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും നെയ്ത്തിന് യഥാക്രമം 40 പൈസയിൽ നിന്നും 55 പൈസയായും 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. |
| **(ഇ)** കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | **(ഇ)** കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്..<br><br>**സെക്ഷൻ ഓഫീസർ** |

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.239

11.3.2010ൽ മറുപടിയ്ക്ക്

## വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ജയരാജൻ:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ:<br>ശ്രീമതി.കെ.കെ.ലതിക:<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അർഹരായ മുഴുവൻ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ മുഴുവൻ വികലാംഗർക്കും മെഡിക്കൽ സർട്ടിഫിക്കറ്റും തൽസമയ തിരിച്ചറിയൽ കാർഡും നൽകുന്നതിന് കേരളത്തിലെ 999 ഗ്രാമപഞ്ചായത്തുകളിലു മുനിസിപ്പാലിറ്റികളിലും, 5 കോർപ്പറേഷനുക വച്ച് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് തൽസമയ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാ വരുന്നു. ഇതിന്റെ ആദ്യ ഘട്ടമായി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പു തൃശ്ശൂർ എന്നീ ജില്ലകളിൽ മെഡിക്കൽ ക്യാമ്പു സംഘടിപ്പിച്ച് കാർഡ് വിതരണം നടത്തി വരു ബാക്കിയുള്ള ജില്ലകളിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. സാമൂഹ്യക്ഷേമ വകുപ്പ്, ആരോഗ്യ വകുപ്പ്, ഭരണ സ്ഥാപനങ്ങൾ, സി-ഡിറ്റ് എന്നിവരുമാ ചേർന്ന് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിലാണ് പദ്ധതിനടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് എത്ര വികലാംഗർ ഉള്ളതായാണ് കണക്കാക്കിയിട്ടുള്ളത്; അതിൽ എത്ര പേർക്ക് ഇതിനകം വികലാംഗ തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (സി) | 2001-ലെ സെൻസസ് പ്രകാരം കേരളത്തിൽ 860794 വികലാംഗരുണ്ട്. ഇതിൽ 40 ശതമാനത്തിൽ അധികം വൈകല്യമുള്ള ഏകദേശം 1.50 ലക്ഷം പേർക്ക് മാത്രമാണ് മെഡിക്കൽ സർട്ടിഫിക്കറ്റ് കം വികലാംഗ തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുള്ളത്. |
| (ഡി) | വികലാംഗർക്കുള്ള ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ? | (ഡി) | വികലാംഗരുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1.ഒന്നുമുതൽ ഉയർന്ന ക്ലാസുകളിൽ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്.<br>വാർഷിക കുടുംബ വരുമാനം 36,000/-രൂപയിൽ കവിയാത്ത മുൻവാർഷിക പരീക്ഷയ്ക്ക് 40% മോ അതിനുമുകളിലോ മാർക്ക് ലഭിച്ചവരുമായ സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പഠിക്കുന്നവർക്കും പ്രൊഫഷണൽ കോഴ്സ്, ടെക്നിക്കൽ ട്രയിനിംഗ് എന്നീ മേഖലകളിൽ വിദ്യാഭ്യാസം നടത്തുന്നവർക്കും സ്കോളർഷിപ്പ് അനുവദിക്കുന്നു.<br>2.ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്<br>സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുടുംബവാർഷിക വരുമാനം 24,000/-രൂപയിൽ കവിയാത്ത 21 വയസ്സിന് താഴെ പ്രായമുള്ള ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പ്രതിമാസം 75/-രൂപ നിരക്കിൽ പരമാവധി 10 മാസത്തേയ്ക്ക് 750/-രൂപ പ്രതിമാസ സ്കോളർഷിപ്പും ഡ്രസ് അലവൻസായി വർഷം 100/- രൂപയും പഠനോപകരണങ്ങൾ വാങ്ങുന്നതിന് ഒരു അദ്ധ്യയന വർഷത്തേയ്ക്ക് 50/-രൂപയും ഉൾപ്പെടെ ആകെ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷം 900/-രൂപ ധനസഹായമായി നൽകുന്നു. |

3.വികലാംഗ പുനരധിവാസ സദനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കുള്ള ധനസഹായം

വികലാംഗ പുനരധിവാസ സദനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് അന്തേവാസി ഒന്നിന് പ്രതിമാസം 200/-രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

4. അന്ധരായ അഭിഭാഷകർക്കും അസ്ഥി സംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കുമുള്ള ധനസഹായം

കുടുംബ വാർഷിക വരുമാനം 18,000/-രൂപയിൽ കവിയാത്ത അന്ധരായ അഭിഭാഷകർക്ക് നിയമ പുസ്തകങ്ങൾ, പ്രൊഫഷണൽ സ്യൂട്ട് എന്നിവ വാങ്ങുന്നതിന് എക്സ് ഗ്രേഷ്യാ നോൺ റെക്കറിംഗ് അലവൻസായി 2500/-രൂപ നൽകിവരുന്നു. പ്രതിമാസം 1000/-രൂപ നിരക്കിൽ അഞ്ചു വർഷത്തേക്ക് വായന സഹായ ബത്തയും നൽകിവരുന്നു. അസ്ഥി സംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കും ഈ ആനുകൂല്യം ലഭിക്കുന്നു.

5.വികലാംഗ തൊഴിൽ പരിശീലനത്തിനുള്ള സ്റ്റൈപ്പന്റ്

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോടുമുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ പഠിക്കുന്ന ട്രയിനികൾക്ക് പ്രതിമാസം 200/-രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകിവരുന്നു.

6.വികലാംഗ ദുരിതാശ്വാസ നിധി

സംസ്ഥാനത്തെ അശരണരായ വികലാംഗരെ സഹായിക്കുന്നതിനായി ഒരു കോടി രൂപ സംസ്ഥാന ട്രഷറിയിൽ സ്ഥിരി നിക്ഷേപം നടത്തുകയും ആയതിന്റെ പലിശയിനത്തിൽ ലഭിക്കുന്ന തുക ഉപയോഗിച്ച് വികലാംഗ ദുരിതാശ്വാസ നിധിക്ക് ആവശ്യമായ തുക കണ്ടെത്തുകയും ചെയ്യുന്നു. നിർദ്ധനരും

ചികിത്സ ആവശ്യമുള്ളവരുമായ വികലാംഗർക്കാണ് ധനസഹായം അനുവദിക്കുന്നത്.

7.<u>വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ്</u>

വികലാംഗ സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും ലഭിക്കാത്ത വികലാംഗർക്ക് ഇത് ലഭ്യമാക്കുന്നതിനാവശ്യമായ disability campaign നടത്തുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

8.<u>വിക്ലാംഗരായ പെൺകുട്ടികൾക്കും വികലാംഗരായ മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹ ധനസഹായം</u>

കുടുംബവാർഷിക വരുമാനം 36,000/-രൂപയിൽ കുറവുള്ള വികലാംഗരായ പെൺകുട്ടികൾക്കും വികലാംഗരായ മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹ ധനസഹായമായി 10,000/- രൂപ വീതം നൽകി വരുന്നു.

9. <u>വികലാംഗർക്കായി പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രയിനിംഗ് സെൻററുകൾ</u>

വകുപ്പിൻെറ കീഴിൽ വികലാംഗർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരത്തും കോഴിക്കോട്ടും ഓരോ വൊക്കേഷണൽ ട്രയിനിംഗ് സെൻററുകൾ പ്രവർത്തിച്ചു വരുന്നു.

10.<u>ക്ഷേമസ്ഥാപനങ്ങൾ</u>

വകുപ്പിൻെറ കീഴിൽ 12 ക്ഷേമ സ്ഥാപനങ്ങൾ വികലാംഗരുടെ സംരക്ഷണത്തിനായി പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ കൂടി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | 1. സഹായ ഉപകരണങ്ങളുടെ വിതരണം<br>2. സ്വയം തൊഴിൽ പദ്ധതി(ബാങ്ക് ലോൺ സബ്സിഡി)<br>3. മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാഹനം വാങ്ങിയ വികലാംഗർക്കുള്ള സബ്സിഡി.<br>4. വൈകല്യമുള്ളവർക്കുള്ള പ്രൊഫിഷ്യൻസി അവാർഡ്.<br>5. വൈകല്യമുള്ളവർക്ക് വേണ്ടി മത്സരപരീക്ഷകൾക്കുള്ള കോച്ചിംഗ് -കം-ഗൈഡൻസ്<br>6. വൈകല്യമുള്ള ലോട്ടറി ഏജൻറുമാർക്കുള്ള സാമ്പത്തിക സഹായം.<br>7. ചായ - കാപ്പി വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കാനുള്ള സബ്സിഡി.<br>8. തികച്ചും അംഗവൈകല്യമുള്ള പെൺകുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി.<br>9. വികലാംഗരായ വയോജനങ്ങൾക്കു വേണ്ടിയുള്ള വൃദ്ധ സദനം (പാറശ്ശാല) |

R-Vijayesh
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 240 | 11.03.2010 ൽ മറുപടിക്ക് |
|---|---|

## തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. അയിഷാപോറ്റി:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ :<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ. ആർ സെൽവരാജ്<br>ശ്രീ. ബി. രാഘവൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ, പ്രധാനമന്ത്രിയുടെ സ്വാസ്ഥ്യ സുരക്ഷാ യോജന പ്രകാരമുള്ള കേന്ദ്ര ഫണ്ടും സംസ്ഥാന ഫണ്ടും ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ, മാനവ ശേഷി വികസനം എന്നിവ ഇതിൽ ഉൾപ്പെടുന്നു. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ നിർമ്മാണം, കമ്പ്യൂട്ടർ വത്കരണം. കേന്ദ്രീകൃത അണു നശീകരണ സംവിധാനം, കേന്ദ്രീകൃത മെഡിക്കൽ ഗ്യാസ് വിതരണം, ശാസ്ത്രീയ മാലിന്യ സംസ്കരണം , സെൻട്രലൈസ്ഡ് ലാബ്, എം.എൽ.റ്റി , നഴ്സിംഗ് ബ്ളോക്കുകളുടെ നിർമ്മാണം എന്നിവ പൂർത്തിയായി വരുന്നു. കോളേജിന്റെ മാനവ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 85 നഴ്സുമാരുൾപ്പെടെ 145 പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ഇലക്ട്രിക്കൽ വിതരണ ശൃംഖല നവീകരണത്തിനായി, 3.7 കോടി രൂപയുടെ പ്രവർത്തനങ്ങളും നടന്നു വരുന്നു. |
| ബി) പി.എം.എസ്.എസ്.വൈയിൽ ഉൾപ്പെടുത്തി ആരംഭിച്ച നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; അവ പൂർത്തിയായിട്ടുണ്ടോ; | a) " 6" സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്കായുള്ള ബ്ളോക്കുകളുടെ നിർമ്മാണം.<br>b) എം.എൽ.ടി ബ്ളോക്ക്<br>c) പി.ജി. നഴ്സിംഗ് ബ്ളോക്ക്<br>d) ഒ.പി.ഡി. ബ്ളോക്ക്<br>e) ഗോൾഡൻ ജൂബിലി ബ്ളോക്ക് (എസ്.എ.റ്റി) എന്നി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.<br>ഇതു കൂടാതെ 36 അത്യാധുനിക ജീവൻ രക്ഷാരോഗ നിർണ്ണയ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. |

| | |
|---|---|
| സി) ഇതിനായി എത്ര കോടിരൂപ ചെലവാക്കിയിട്ടുണ്ട്. | സി ) & ഡി) പി.എം.എസ്. എസ്.വൈ യുടെ ഭാഗമായി 120 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് പൂർത്തിയായി വരുന്നത്. 50 കോടി രൂപയുടെ ഉപകരണങ്ങളാണ് വാങ്ങിയത്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| ഡി) പദ്ധതിയുടെ ഭാഗമായി ഏതെല്ലാം അത്യാധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്; ഇതിനായി എത്ര കോടി രൂപ ചെലവായി എന്നു വെളിപ്പെടുത്തുമോ ; | |
| ഇ) ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ഇ) നടപടി സ്വീകരിച്ചു വരുന്നു. |
| എഫ്) റഫറൽ സമ്പ്രദായം നടപ്പാക്കിയതിന് ശേഷം ആശുപത്രിയിൽ നിന്നും ലഭിക്കുന്ന ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | എഫ്) റഫറൽ സമ്പ്രദായം നടപ്പിലാക്കിയതിനാൽ മെച്ചപ്പെട്ട സേവനം നൽകാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.